Registered No. M-4485.

Madras War Review { MALAYALAM 3-12-1943

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1943 ഡിസെമ്പർ 3-ാംനു വെള്ളിയാഴ്ച [ലക്കം 14

## ജാപ്പാനെ ഭസ്മമാക്കും

പ്രഹരംകൊണ്ടു് ആദ്യമായി തെരിച്ചുവിടുന്നതു് ജർമ്മനിയെയാണു്. ജർമ്മനി പോയ്ക്കഴിഞ്ഞാൽ നമ്മുടെ സർവ്വശക്തിയും ജാപ്പാന്റെ നേരെ പ്രയോഗിക്കാം. ഇന്നു് ജർമ്മനിയെ കാട്ടുന്നതിൽ എത്രയോ അധികം ശക്തിയോടുകൂടിയായിരിക്കും ജാപ്പാന്റെ നേരെയുള്ള ഞങ്ങളുടെ പ്രവർത്തി.

ഞങ്ങളുടെ പ്രഹരത്തിന്നു് ശക്തി കൂടുംതോറും ജർമ്മൻകാരുടെ വാശിയും കൂടാതിരിക്കയില്ല. ജർമ്മനിയുടെ കൈവശം ഇനി പുതിയ അടവുകളൊന്നും ഇല്ലെന്നു് കരുതി സമാധാനിക്കുന്നതു് വിഡ്ഢിത്തമാണു്. ഈ പുതിയ അടവുകൾ തല്ക്കാലം ഫലിച്ചുവെന്നും വരാം. എന്നാൽ, എന്തടവു് പ്രയോഗിച്ചാലും ഒടുവിൽ രക്ഷപ്പെടുവാനോ, കാര്യം വേണ്ടപ്പോലെ കലാശിപ്പാനോ ജർമ്മനിക്കു് സാദ്ധ്യമല്ല. ഇന്നു് ജർമ്മനിയുടെ സ്ഥിതി ഈ വിധത്തിലാണെങ്കിൽ നാളെ ജാപ്പാന്റെ ഗതിയും തീർച്ചയായും ഇതുതന്നെയാണു്.

എന്നാൽ ജാപ്പാന്റെ അനുഭവം ജർമ്മനിയുടെതിനേക്കാൾ മോശമാകാനാണു് വഴി. ബ്രിട്ടന്റെയും അമേരിക്കയുടേയും സർവ്വശക്തിയും ജാപ്പാന്റെ നേരെ ഉപയോഗിപ്പാൻ സാദ്ധ്യമാകുമെന്നുള്ളതിന്നു് പുറമെ, ജർമ്മനിയുടെ നേരെയുള്ള യുദ്ധത്തിൽനിന്നു് പരിചയവും വർദ്ധിച്ചിട്ടുണ്ടായിരിക്കുമെല്ലോ.

ഞങ്ങളും അമേരിക്കൻ സഹോദരന്മാരോടൊന്നിച്ചു് ഇതെവരെ പഠിച്ച പാഠങ്ങളെല്ലാം ടോക്യോവിന്റെ നേരെ ഉപയോഗിപ്പാനുള്ള ഒരവസരം പാർത്തിരിക്കയാണു്. ഈ അഭിപ്രായം എന്റേതു് മാത്രമല്ല, ആർ.എ.എഫ്. ന്റെ ഒട്ടാകെയുള്ളതാകുന്നു.

—എയർ മാർഷൽ സേർ വില്ല്യം വെൽഷ്,

നവെമ്പർ 29-ാം തിയ്യതി

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ജാപ്പാനെ ഭസ്മമാക്കും .. .. .. .. | 1 | നാലു മഹാന്മാരുടെ സമ്മേളനം .. .. .. | 7 |
| വർത്തമാനച്ചുരുക്കം .. .. .. .. | 2 | പടവെട്ടും ഇന്ത്യൻ നാലാം പടയും .. .. | 8, 9 |
| പ്രതിവാരചിന്തകൾ .. .. .. .. | 3, 4 | വാർ സെക്ക്ഷൻ വാർഷികയോഗം .. .. | 10 |
| പ്രത്യേകലേഖനങ്ങൾ : | | കഥാപംക്തി : കൊടുങ്കാററു് .. .. .. | 11, 12 |
| 69 / പേൾ ഹാർബർ / പണം .. .. .. .. | 5, 6 | | |


# വർത്തമാനച്ചുരുക്കം

ബങ്കാൾ സംസ്ഥാനത്തിലേക്കു് 1944 ൽ ഇന്ത്യാ ഗവമ്മേണ്ടു് 646,000 തൻ ഭക്ഷണധാന്യങ്ങൾ എത്തിക്കുവാൻ ഏപ്പാടുചെയ്തിരിക്കുന്നു.

* * *

കഴിഞ്ഞ രണ്ടു മാസമായി സൌത്താഫ്രിക്കയിലെ പ്രധാന മന്ത്രിയായ ഫീൽഡ് മാർഷൽ സ്മട്ട്സ് ലണ്ടനിൽ തന്നെയാണു് താമസിച്ചുവരുന്നതു്. ഇനിയും മടങ്ങിപോകേണ്ട സമയം അനിശ്ചിതമാണു്.

* * *

ചൈനക്കാർ അമേരിക്കയിൽ കുടിയേറിപാർത്തുപോകരുതെന്നു് വെച്ചു് ചില നിയമങ്ങൾ കഴിഞ്ഞ അറുപതിൽചില്ലാനം കൊല്ലങ്ങളായി നടപ്പിൽ ഉണ്ടായിരുന്നു. അതെല്ലാം റദ്ദാക്കുന്ന നിയമം അമേരിക്കൻ നിയമ സഭയിൽ നവെമ്പർ 26-ാം തിയ്യതി പാസ്സാക്കി.

* * *

പുതിയ വൈസറോയിയെ യുദ്ധകാര്യത്തിൽ ഉപദേശിക്കേണ്ടതിന്നു് വേണ്ടിമാത്രം പുതിയ ഒരു നിയമനം ഇന്ത്യാ ഗവമ്മേണ്ടിൽ ഉണ്ടാക്കീട്ടുണ്ടു്. ഇതിലേക്കായി നിശ്ചയിച്ച സേർ ആർച്ചിബാൾഡ് റോളണ്ട്സ് ഡൽഹിയിൽ എത്തി ഉദ്യോഗത്തിൽ പ്രവേശിച്ചിരിക്കുന്നു.

* * *

ചക്രവത്തി തിരുമേനി ബ്രിട്ടീഷ് പാർലിമെണ്ടിൻെറ ഒയ്മ്പതാമത്തെ സെഷ്ഷൻ നവെമ്പർ 24-ാം തിയ്യതി ഉൽഘാടനം ചെയ്തിരിക്കുന്നു. തലേദിവസം എട്ടാമത്തെ സെഷ്ഷൻ അവസാനിപ്പിക്കുന്ന ഘട്ടത്തിൽ പാർലിമെണ്ടിൽ വെച്ചു് ഒരു പ്രസംഗം ചെയ്കയും ചെയ്തു. ഉൽഘാടനം ചെയ്യുന്ന ഘട്ടത്തിലും ഒരു പ്രസംഗം ചെയ്കയുണ്ടായി.

* * *

ജർമ്മനിയുടെ തലസ്ഥാനമായ ബർലിൻ നഗരിയെ ബ്രിട്ടീഷ് വിമാന സേന ചെന്നു് അതിഗംഭീരമായി ആക്രമിക്കുന്നുണ്ടു്. കഴിഞ്ഞാഴ്ച അഞ്ചു ദിവസത്തിന്നുള്ളിൽ മൂന്നു പ്രാവിശ്യം ആക്രമണം നടത്തി. നവെമ്പർ 22-ാം തിയ്യതി യുണ്ടായ ആക്രമണമായിരുന്നു ഏററവും ശക്തിയായിട്ടുള്ളതു്. നാനൂറു് ബോംബർ വിമാനങ്ങൾ ഉണ്ടായിരുന്നു.

* * *

പുതിയ വൈസറോയി, വേവൽ പ്രഭു, ഇന്ത്യയുടെ നാനാസംസ്ഥാനങ്ങളും സന്ദർശിച്ചുകൊണ്ടുള്ള സക്കീട്ടു ആരംഭിച്ചിരിക്കുന്നു. ആദ്യം അദ്ദേഹം സന്ദർശിച്ചതു് ബങ്കാൾ സംസ്ഥാനമാണെന്നറിയാമെല്ലോ. ഇപ്പോൾ അദ്ദേഹം ഡൽഹിയിൽനിന്നു് പുറപ്പെട്ടു പഞ്ചാബിൽ പോയി അവിടെ നിന്നും അതൃത്തി സംസ്ഥാനത്തിലേക്കു പോയതിന്നു ശേഷം തിരിച്ചു് ഡൽഹിയിൽതന്നെ എത്തിയിരിക്കുന്നു.

* * *

ജാപ്പാൻ കോയ്മയുടെ അധീനത്തിൽ 76,000 ഇന്ത്യക്കാർ യുദ്ധത്തടവുകാരായിട്ടുണ്ടെന്നാണു് വർത്തമാനം. എന്തുശ്രമം ചെയ്തിട്ടും ഇവരെ സംബന്ധിച്ചു് യാതൊരു വർത്തമാനവും കിട്ടീട്ടില്ലെന്നാണു് ഇന്ത്യൻ സൈന്യനായകൻ നിയമസഭയിൽ പ്രസ്താവിച്ചതു്. എത്ര ജാപ്പാൻകാർ ബ്രിട്ടീഷുകാരുടെ കൈവശം തടവുകാരായിട്ടുണ്ടെന്നു് ചോദിച്ചപ്പോൾ സംഖ്യ പുറത്തു പറയുന്നതു് അപകടമാണെന്നും, താരതമ്യേന കുറച്ചേ ഉള്ളുവെന്നുമാണു് പറഞ്ഞതു്.

* * *

യു. എൻ. ആർ. ആർ. എ. എന്നൊരു സ്ഥാപനത്തെ പററി കഴിഞ്ഞ ഒരു ലക്കത്തിൽ പ്രസ്താവിച്ചിരുന്നുവെല്ലൊ. യുദ്ധംകൊണ്ടു് ദാരിദ്ര്യവും മററു ക്ലേശങ്ങളും അനുഭവിക്കുന്ന രാജ്യങ്ങൾക്കു നിവൃത്തിമാർഗ്ഗങ്ങൾ ചെയ്യാനാണെല്ലോ ഈ സ്ഥാപനം. ഇതിനെ ഇപ്പോൾ സ്ഥാപിച്ചിരിക്കുന്നതു് അത്ലാന്തിക്ക് സിററി എന്ന അമേരിക്കയിലെ ഒരു നഗരിയിലാണു്. ഇതിൻെറ പ്രസിഡെണ്ടു് ഡീൻ അക്കിസൺ എന്നൊരാളുമാകുന്നു. ഈ സ്ഥാപനത്തെ രൂപീകരിച്ചുകൊണ്ടു് ലോകത്തിലെ നാല്പത്തിനാലു കോയ്മകൾ കൂടി ഒരു എഗ്രിമെൻറ് 1943 നവെമ്പർ 9-ാം തിയ്യതി ഒപ്പിട്ടിട്ടുള്ളതനുസരിച്ചു് ഉദ്ദേശിച്ച നിവൃത്തിമാർഗ്ഗങ്ങൾ ശത്രുക്കളുടെ കൈവശത്തിൽ പെട്ടിട്ടുള്ള രാജ്യങ്ങളെ ഐക്യകക്ഷി സൈന്യങ്ങൾ മോചിപ്പിക്കുമ്പോൾ അവക്കു് മാത്രമെ കൊടുപ്പാൻ നിവൃത്തിയുള്ളുവത്രെ.

* * *

ഇന്ത്യയിൽ കൽക്കരിയുടെ ക്ഷാമംനിമിത്തം അതും ഓഹരിവെച്ചു, അതായതു, റേഷനിങ്ങ് കഴിച്ചു, കൊടുക്കുകയാണത്രെ. ഇതിന്നു് ഇപ്പോൾ ഇന്ത്യാ ഗവമ്മേണ്ടു ഒരു സ്കീം നടപ്പാക്കിയിരിക്കുന്നു. ഈ സ്കീം അനുസരിച്ചു പൊതുജനാവിശ്യാർത്ഥം ഇന്ത്യയിൽ കിട്ടാവുന്ന കൽക്കരി ഒരു കൊല്ലത്തേക്കു 265·4 ലക്ഷം തൻ ആകുന്നു. ഇതു നിശ്ചയിച്ചിരിക്കുന്നതു മാസം ഒന്നുക്കു ഇന്ത്യയിലെ വ്യവസായങ്ങൾക്കും പൊതുജനാവിശ്യത്തിനും കൂടി 10·3 ലക്ഷം തൻ എന്ന തോതിലാണു്. കഴിഞ്ഞ കൊല്ലത്തെ ചെലവിനെ ആസ്പദിച്ചാണു് ഈ തോതു നിശ്ചയിച്ചിട്ടുള്ളതു്. കൽക്കരി ഇന്ത്യയിൽ ധാരാളം വിളയുന്ന ഒരു സാധനവും, വ്യവസായികമായ ജീവിതം ആചരിക്കേണമെന്നാഗ്രഹിക്കുന്ന ഒരു സമുദായത്തിന്നു് ക്രമപ്രവൃദ്ധമായി ഉപയോഗിക്കേണ്ടിവരുന്നതുമാകുന്നു. ഒന്നരക്കൊല്ലം മുമ്പു ഇന്ത്യയിൽ കൽക്കരി അത്യധികം വിളഞ്ഞു എന്താണു് ഇതിനെക്കൊണ്ടു് ചെയ്യേണ്ടതെന്നു വിവരമില്ലാത്ത സ്ഥിതിയിലും ആയിരുന്നു. ഇന്നോ, കൽക്കരി കിട്ടാഞ്ഞിട്ടു അനവധി വ്യവസായങ്ങൾ അധികവില കൊടുത്തു വിറകു വാങ്ങിട്ടാണു് നിവൃത്തിക്കുന്നതു്. പട്ടണങ്ങളിലും മററും വിറകിന്നുള്ള ക്ഷാമം വദ്ധിക്കാൻ ഇതും ഒരു കാരണമായിട്ടുണ്ടു്.


## റഷ്യാ - ജർമ്മൻ യുദ്ധം

### 221-ാമത്തെ ആഴ്ച

### 1941 ജൂൺ 22-ാം തിയ്യതി ആരംഭിച്ചു

# പ്രതിവാരചിന്തകൾ

കഴിഞ്ഞാഴ്ച റഷ്യൻ യുദ്ധരംഗത്തിലെ ഏററവും പ്രധാന സംഭവം ജർമ്മൻകാരുടെ വക്കൽ നിന്നു് റഷ്യൻ സൈന്യം ഗോമൽ നഗരി പിടിച്ചെടുത്തതാണു്. ഈ സ്ഥലം വൈററ് റഷ്യയിൽ ഏററവും പ്രബലമായ ഒരു സൈന്യസങ്കേതമായിരുന്നു. ഈ സ്ഥലം പിടിച്ചതോടുകൂടി റഷ്യൻ സൈന്യത്തിന്നു് പോളണ്ടിന്റെ അതൃത്തിയിൽ എത്തുവാൻ വളരെ എളുപ്പമായി. ഗോമൽ ജർമ്മൻകാർ പിടിച്ചതു് 1941 ആഗസ്റ്റ് മാസത്തിലായിരുന്നു. ഇവിടെ ഒരു പ്രധാന റെയിൽവെ ജങ്ക്ഷൻ ഉള്ളതിന്നുപുറമെ ഇതൊരു വലിയ വ്യവസായകേന്ദ്രവുമാകുന്നു. തീപ്പെട്ടി, കണ്ണാടി മുതലായ വ്യവസായങ്ങൾ ഇവിടെ വളരെ അഭിവൃദ്ധിയിൽ വന്നിട്ടുണ്ടായിരുന്നു. പോളണ്ടിലേക്കു രണ്ടു വഴിയായി ഇവിടെ നിന്നു് തീവണ്ടി ഗതാഗതം ഉണ്ടു്. ഒന്നു് ഇവിടെ നിന്നു് നേരെ പടിഞ്ഞാറോട്ടു് ബ്രസ്റ്റ്ലിട്ടോവ്സ്ക്കിലേക്കും, മറേറതു് വടക്കു പടിഞ്ഞാറോട്ടു് മിൻസ്ക്ക് നഗരിയിൽ കൂടി വിൽനയിലേക്കും അവിടെനിന്നു് ലിത്തുനിയായിലേക്കുമാണു്. ഗോമലിൽനിന്നു് അല്പം പടിഞ്ഞാറോട്ടു തള്ളിക്കൊണ്ടു് ലെനിൻഗ്രാഡ്-ഒഡീസ്സാ റെയിൽവെ ലയിനും കിടപ്പുണ്ടു്. റഷ്യൻ സൈന്യത്തിന്നു് ഗോമൽ വിജയത്തിന്റെ പ്രാധാന്യം ചില്ലറയൊന്നുമല്ല. റഷ്യക്കാർ ഗോമലിൽ ഉള്ളപ്പോൾ വൈററ് റഷ്യയിലുള്ള ജർമ്മൻ സൈന്യത്തിന്നു് യുക്രൈനിലുള്ള ജർമ്മൻ സൈന്യമായി യോജിക്കുവാനും തന്മൂലം ശക്തി കൂട്ടുവാനും നിവൃത്തിയില്ല. മാത്രമൊ? ഹിററ്ലർ ഈ രംഗത്തിൽ വർഷക്കാല സമരത്തിന്നൊരുക്കി വെച്ചിട്ടുള്ളതെല്ലാം ഗോമൽ വിജയം കൊണ്ടു താറുമാറാക്കിയിരിക്കുന്നു. ഈ പ്രദേശത്തെ വർഷക്കാല സമരത്തിന്നുള്ള ജർമ്മൻ അണി പൊളിയുകയും ചെയ്തിരിക്കുന്നു.



ചിത്രത്തിൽ കാണുന്ന മൂന്നു പെൺകിടാങ്ങളും റഷ്യൻ വിമാനസേനയിൽ പയലററുകളാണു്. ഇവർ ഒരു മേപ്പു നോക്കി പഠിച്ചു് ബോംബുചെയ്യാൻ പുറപ്പെടുകയാകുന്നു.

## കീവ് പ്രദേശം

റഷ്യൻ യുദ്ധരംഗത്തിൽ അതിശക്തിയായി യുദ്ധം നടക്കുന്ന മറെറാരു ഖണ്ഡം കീവ് പ്രദേശമാണു്. യുക്രൈനിന്റെ തലസ്ഥാന നഗരിയായ കീവിൽനിന്നു് ജർമ്മൻ സൈന്യത്തെ റഷ്യക്കാർ ഓടിച്ചുകളഞ്ഞ മുതല്ക്കു കീവ് മടങ്ങിപിടിക്കേണ

മെന്നുള്ള ആഗ്രഹത്തോടുകൂടിയായിരുന്നു ജർമ്മൻ സൈന്യത്തിന്റെ പരിശ്രമം. ഈ പരിശ്രമത്തിൽ അവർ അതിശക്തിയായ എതൃപ്പ് ആരംഭിക്കുകയും അതിന്റെ ഫലമായി റഷ്യൻ സൈന്യം സിറെറാമറിൽനിന്ന് ഒഴിക്കുകയും ചെയ്തു. ജർമ്മൻ എതൃപ്പിന്ന് കഴിയുന്നത്ര ശക്തികൂട്ടിക്കൊണ്ടാണ് അവർ വരുന്നതു്. കീവിൽനിന്നും നീപ്പർ നദിയുടെ തീരത്തുനിന്നും ഒഴിക്കുവാൻ അവർക്കുതീരെ ഇഷ്ടമില്ല. ഈ ഉദ്ദേശത്തോടുകൂടി ജർമ്മൻസൈന്യം കൊറൊസ്റ്റിൻ പട്ടണത്തിന്റെ നേരെയാണ് ഇപ്പോൾ ആക്രമണം നടത്തുന്നതു്. കൊറൊസ്റ്റിൻ യുക്രൈനിൽ ഒരു പ്രധാന റെയിൽവെ ജങ്ക്ഷൻ ആകുന്നു. ഇതു് കീവിൽനിന്ന് നൂറു നാഴിക വടക്കുപടിഞ്ഞാറാണ്, കൊറൊസ്റ്റിനും, റിക്കസ്റ്റയും റഷ്യക്കാർ വീണ്ടെടുത്തപ്പോഴാണ് ഗോമലിലേക്കുള്ള മാർഗ്ഗം സുഗമമായതു്. ഇതിന്നിടയിൽ ജർമ്മൻകാർ ജിറെറാമിർ രണ്ടാമതും റഷ്യക്കാരുടെ കൈവശത്തിൽനിന്ന് തിരിച്ചെടുത്തു്, അതിശക്തിയായി കിഴക്കോട്ടടിച്ചുകയറുവാനാരംഭിച്ചു. അപ്പോഴാണ് റഷ്യൻ സൈന്യം നിക്കൊപ്പോളിനെ എതൃത്തതു്. അതേസമയം ചെർക്കാസിയിൽ വെച്ച് അവർ നീപ്പർ നദിയെ കടന്നു് പടിഞ്ഞാറെ കരയിൽ മറെറാരു സങ്കേതവും കൂടി സ്ഥാപിച്ചു. ജർമ്മൻ സൈന്യം ഇത്ര പരാക്രമത്തോടുകൂടി പുതുതായ ഒരു പ്രത്യാക്രമണം ഈ പ്രദേശത്തു് എന്തിനാണ് തുടങ്ങിയതു്? റഷ്യക്കാർ കീവ് പിടിച്ച് കഴിഞ്ഞതു് നേരെ പടിഞ്ഞാറോട്ടു് ജർമ്മൻ സൈന്യത്തെ ആട്ടുവാൻ തുടങ്ങിയപ്പോൾ, സുമാറു ഒന്നര ലക്ഷം ജർമ്മൻ സൈന്യം നീപ്പർ നദിയുടെ പ്രദേശത്തു പെട്ടുകയും അവർക്കു യാതൊരു രക്ഷയുമില്ലാതെയായി വരികയും ചെയ്തു. അവരുടെ രക്ഷക്കും അവരുമായി ബന്ധം വിടാതിരിപ്പാനുമാണ് ജർമ്മൻ സൈന്യം ഇത്ര മരണഗോഷ്ടി കാട്ടിയതു്.

## യുദ്ധതന്ത്രം

ഇന്നത്തെ യുദ്ധം വെറും ഒരു നരബലിമാത്രമായി കരുതേണ്ടാ. ഏററവും ബുദ്ധിപൂർവ്വമായ തന്ത്രങ്ങളാണ് ഇപ്പോൾ അധികമായി നടക്കുന്നതു്. ഈ തന്ത്രങ്ങൾ മനസ്സിലാക്കുന്നതിലും രസകരമായ മറെറാരു പ്രവൃത്തിയില്ല. ജിത്തോമീർ നഗരി ഒഴിക്കേണമെന്നു തീർച്ചയായപ്പോൾ ജർമ്മൻകാരുടെ ഉണ്ടക്കു് ഇരയാക്കാനായി കുറെ കൂടി സൈന്യങ്ങളെ അവിടെ കൊണ്ടുവിടുകയല്ല റഷ്യക്കാർ ചെയ്തതു്. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ അതു് വെറും നരബലിതന്നെയായിരുന്നു. പരാജയമുണ്ടെന്നു സംശയം തോന്നിയ ഉടനെ അവർ അവിടെനിന്നൊഴിച്ചു്, അതേസമയം ജർമ്മൻകാരെ മറെറാരു സ്ഥലത്തു് ആക്രമിക്കുകയാണ് ചെയ്തതു്. രണ്ടാമതു് ആക്രമിച്ച സ്ഥലവും ജർമ്മൻകാർക്കു ഒരു മർമ്മമാണ്. ഈ വിധം നോട്ടം ഭ്രമിപ്പിക്കത്തക്ക തന്ത്രങ്ങൾ റഷ്യക്കാർ ധാരാളം എടുക്കുന്നു. മാത്രമല്ല, നോട്ടം ഭ്രമിപ്പിക്കുകയും, മർമ്മത്തിൽ അടിക്കുകയുമാണ് ഒരേ ഒരു സമയത്തു് അവർ നടത്തുന്ന യുദ്ധനയം. റഷ്യക്കാർ ഇന്ന് നിക്കൊപ്പോൾ നഗരിക്കെതിരായി നടത്തുന്ന യുദ്ധം ഈ തന്ത്രവൈദഗ്ദ്ധ്യത്തിന്റെ ഒരു "സാമ്പിൾ" ആണെന്നുള്ളതിന്നു പുറമെ, നിക്കൊപ്പോൾ റഷ്യക്കാർക്കു അത്യാവിശ്യമായ ഒരു സ്ഥലവുമാകുന്നു. ഇവിടെയാണ് വളരെ വിലയേറിയ മാങ്കനീസ് ഖനികൾ ധാരാളമായിട്ടുള്ളതു്. ജർമ്മൻകാരുടെ മാങ്കനീസ് ആവശ്യത്തിൽ 60 ശതമാനം കണ്ടു് ഇവിടെ നിന്നാണെടുക്കുന്നതു്. നിക്കൊപ്പോൾ യുക്രൈനിലെ ഒരു പ്രധാന നഗരിയുമാണ്.

## ബർലിന്റെ ഭാഗ്യദശ

ബർലിൻ ജർമ്മനിയുടെ തലസ്ഥാനനഗരിയാണ്; ഹിററ്ലരുടെ അധിവാസസ്ഥലമാണ്; നാസികളുടെ ഭരണകേന്ദ്രമാണ്. ഈ പുണ്യഭൂമിയിൽ ഐക്യകക്ഷികളുടെ വിമാനങ്ങളോ, ബോംബുകളോ വരികയില്ലെന്നായിരുന്നു ഹിററ്ലരുടേയും കൂട്ടാളികളുടേയും വമ്പു്. ഈ വിശ്വാസം വളരെ ഉറപ്പോടുകൂടിയുള്ളതല്ലായിരുന്നുവെങ്കിൽ ജർമ്മൻ വിമാനങ്ങൾ ബ്രിട്ടനിൽ ചെന്ന് ബോംബുവർഷം ചെയ്യാനൊരുങ്ങുമോ? തങ്ങൾക്കു അങ്ങിനെയൊരു കഷ്ടകാലം വരികയില്ലാ, എന്നായിരുന്നു അവരുടെ ദൃഢവിശ്വാസം. ഇന്നത്തെ കഥയോ? ലോകത്തിൽ എവിടെ ജനിച്ചാലും ബർലിൻ നഗരിയിൽ ജനിക്കാനിടവരരുതേ, എന്നാണ് ഇന്നവിടെയുള്ളവരുടെ പ്രാർത്ഥന. ബ്രിട്ടന്റെയും അമേരിക്കയുടെയും വിമാനസേന നൂറുനൂറായിക്കൊണ്ടു, ദിനംപ്രതിയെന്നപോലെ, ബർലിൻ നഗരിയിൽ ചെന്ന് അവരുടെ ബോംബ് ചുമട് ഇറക്കുന്നതു കണ്ടാൽ അധികനേരത്തിനൊന്നും ഈ യുദ്ധം നിലനില്ക്കാനിടയില്ലെന്നു തോന്നും. ആയിരം തൻ തൂക്കത്തിലുള്ള ബോംബുകൾ ഒരു പിശുക്കോ ക്ഷാമമോ ഇല്ലാതെയല്ലെ ആർ. എ. എഫ്. വിമാനങ്ങളും അമേരിക്കൻബോംബർ വിമാനങ്ങളും കൊണ്ടുപോയി ഹിററ്ലറുടെ അളകാപുരിയിൽ കൊണ്ടെക്കൊട്ടുന്നതു്? ഇങ്ങിനെ ഒരു ബോംബാക്രമണം ലോകത്തിൽ മറെറവിടെയും ഇതെവരെ ഉണ്ടായിട്ടില്ല. ഇനിയുണ്ടാവാൻ വഴിയുമില്ല. ബ്രിട്ടീഷ് യുവാക്കന്മാർ യുദ്ധവൈദഗ്ദ്ധ്യം മാത്രമല്ലാ അവരുടെ പ്രവൃത്തിയിൽ പ്രയോഗിക്കുന്നുള്ളൂ; യുദ്ധം തുടങ്ങിയ കാലങ്ങളിൽ ജർമ്മൻ വിമാനങ്ങൾ ബ്രിട്ടനിൽ കാട്ടിയ കോലാഹലവും, തന്മൂലം ബ്രിട്ടീഷ് സമുദായം അനുഭവിച്ച നഷ്ടകഷ്ടങ്ങളും ഒരു വിധത്തിലും അവർക്കു മറക്കാവതല്ല. ഇന്നു് അവരുടെ

(ശേഷം 10-ാം പേറിൽ)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1943 ഡിസെമ്പർ 3-ാം തിയ്യതി, വെള്ളിയാഴ്ച

## 69

വന്ദ്യവയോധികനായ നമ്മുടെ "വിൻസ്റ്റൻ"ന്റെ അറുപത്തിഒമ്പതാമത്തെ വയസ്സു തികയുന്ന ദിവസമായിരുന്നു കഴിഞ്ഞ നവെമ്പർ 30-ാം തിയ്യതി. ലോകത്തിലെ നാനാഭാഗങ്ങളിൽനിന്നും അദ്ദേഹത്തിന്നു ആയുരാരോഗ്യസമ്പൽസമൃദ്ധിയെ ആശംസിച്ചുകൊണ്ടുള്ള സന്ദേശങ്ങളും സമ്മാനങ്ങളും കിട്ടിയിരുന്നുവത്രെ. നൊമ്മളും ഒരു സമ്മാനവും സന്ദേശവും അയച്ചില്ലെന്നു് വരരുതു്. പക്ഷെ ഇന്നത്തെ ലോകഗതി മുഴുവൻ ഈ ഒരു തോണിക്കാരന്റെ തുഴച്ചിലിനെയാശ്രയിച്ചിരിക്കുന്ന വിഷമഘട്ടത്തിൽ അദ്ദേഹത്തിന്നു് നൊമ്മളിൽനിന്നു് അത്യാവശ്യമായിട്ടുള്ളതു് തോണിയുടെ തല തിരിയാതിരിക്കേണമെന്നും, കുത്തുകാരന്റെ കുത്തിന്നു കുറയരുതെന്നും ആത്മാർത്ഥമായി ഈശ്വരനോടു പ്രാർത്ഥിക്കുകയും, അങ്ങിനെയുള്ള ആപത്തുകളൊന്നും നേരിട്ടുപോകാതിരിപ്പാൻ നമ്മളാൽ കഴിയുന്ന യത്നങ്ങൾ ചെയ്യുകയും, ആണു്. മററു യാതൊന്നും വിൻസ്റ്റന്നു് നൊമ്മളിൽനിന്നാവശ്യമില്ല. ജഗദീശ്വരൻ ലോകോപകാരാർത്ഥം ഈ ധീരകേസരിയെ ഇതേവരെ കേടു വരാതെ സൂക്ഷിച്ചതാണു്. ഇന്നത്തെ ആപൽഘട്ടത്തിൽ ലോകത്തിനെ രക്ഷിക്കയാണു് ഇദ്ദേഹത്തിന്റെ പുരുഷാർത്ഥമെന്നായി ദൈവം എത്രയോ മുമ്പുതന്നെ നിശ്ചയിച്ചപോലിരിക്കുന്നു ഇതേവരെ ഇദ്ദേഹത്തിന്നുണ്ടായ ലക്ഷ്യശൂന്യമായ ജീവിതരീതി. മി. ചർച്ചിലിനെപ്പററി സ്നേഹബഹുമാനമില്ലാത്ത ആരുംതന്നെ ബ്രിട്ടീഷു സമുദായത്തിൽ കഴിഞ്ഞ നാല്പതു കൊല്ലങ്ങളായി ഉണ്ടായിട്ടില്ലെന്നു് തീർത്തുപറയാം. നേരെമറിച്ചു്, ബ്രിട്ടീഷ് രാഷ്ട്രീയചരിത്രത്തിൽ കഴിഞ്ഞ നാല്പതു കൊല്ലങ്ങളായി എന്തു കാര്യം ആലോചനക്കു വന്നിട്ടുണ്ടെങ്കിലും അതിനെപ്പററി മി. ചർച്ചിലിന്റെ അഭിപ്രായമെന്താണെന്നറിവാൻ ലോകത്തിന്നു അത്യന്തം ഉത്സാഹമായിരുന്നു. ഇങ്ങിനെ ഒരു സ്ഥാനം, ഒരു മാന്യസ്ഥാനം, ലഭിച്ച അധികം ആളുകൾ ഏതു രാഷ്ട്രത്തിലും ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ഇങ്ങിനെയുള്ള ഒരു സ്ഥിതി തന്റെ ബുദ്ധിചാതുര്യംകൊണ്ടും, വാഗ്മിത്വംകൊണ്ടും രാഷ്ട്രീയബോധംകൊണ്ടും മി. ചർച്ചിൽ ബ്രിട്ടീഷു രാഷ്ട്രത്തിൽ സമ്പാദിച്ചുവെങ്കിലും വിൻസ്റ്റന്നു് ഒരു സ്ഥിരതയില്ല, ഗൌരവമില്ല എന്നായിരുന്നു പലരുടെയും സ്നേഹപൂർവ്വമായ അഭിപ്രായം. പലവിധത്തിലും യോഗ്യത സിദ്ധിച്ച ഒരാൾക്കു് ഗൌരവമില്ലെന്നും, സ്ഥിരതയില്ലെന്നും വരുവാനെന്താണു് കാരണം? തന്റെ ബുദ്ധിക്കും പ്രാപ്തിക്കും അനുസരിച്ചതായ ഒരു ലക്ഷ്യം മി. ചർച്ചിലിന്നു ഉണ്ടാവാത്തതുകൊണ്ടാണു് ഈ രണ്ടു ദോഷങ്ങൾക്കും അദ്ദേഹം ഉത്തരവാദിയായതെന്നാണു് ചില മാന്യ സുഹൃത്തുക്കൾ അദ്ദേഹത്തെപ്പററി പറഞ്ഞിട്ടുള്ളതു്. ഇന്നത്തെ യുദ്ധം വന്നപ്പോഴെ വിൻസ്റ്റന്നു് ആടുവാനുള്ള രംഗം നിറഞ്ഞുള്ളു. മാത്രമല്ല, ഇന്നത്തെ രംഗത്തിൽ ഇങ്ങിനെയൊരു നടൻ ഉണ്ടായിരുന്നില്ലെങ്കിൽ ഇതിന്നിടക്കു രംഗം പൂട്ടിപ്പോയേനെ.

---

## പേൾ ഹാർബർ

അമേരിക്കയുടെ അധീനത്തിലുള്ളതും, ശാന്തസമുദ്രത്തിലെ ഒരു ദ്വീപിൽ സ്ഥിതിചെയ്യുന്നതുമായ ഒരു തുറമുഖമാണു് പേൾ തുറമുഖം. കൊല്ലം 1941 ഡിസെമ്പർ 7-ാം തിയ്യതിയാണു്, യാതൊരു മുൻസംഭവങ്ങളുമില്ലാതെ, ജാപ്പാൻ ഈ തുറമുഖത്തെ ആക്രമിച്ചതു്. മുൻസംഭവങ്ങളെ ആസ്പദിക്കുകയാണെങ്കിൽ ഇങ്ങിനെയൊരാക്രമണത്തിന്നു് സംഗതിയില്ലെന്നുമാത്രമല്ല, അമേരിക്കയോടു വിപ്രിയം കാട്ടേണ്ടതായ യാതൊരു സന്ദർഭവും ജാപ്പാന്നുണ്ടായിരുന്നതുതന്നെയില്ല. ഡിസെമ്പർ 7-ാം തിയ്യതി ഈ സംഭവം പേൾ ഹാർബറിൽ നടക്കുമ്പോൾ ജാപ്പാൻ കോയ്മയുടെ പ്രതിനിധികളായ നോമുറ, കുറുസു എന്നിവർ അമേരിക്കയുടെ തലസ്ഥാനനഗരിയിൽ ഏററവും മൈത്രീഭാവത്തോടുകൂടി കാര്യങ്ങൾ തമ്മിൽ പറഞ്ഞുതീർക്കുവാൻ ശ്രമിക്കയായിരുന്നു. ജാപ്പാന്റെ മൈത്രീഭാവത്തിൽ വിശ്വസിച്ചു് അമേരിക്ക കാര്യാലോചനകൾ നടത്തുന്ന സന്ദർഭം നോക്കിയാണു് ജാപ്പാൻ ഈ ചതി പ്രയോഗിച്ചതു്. ഈ ചതിപ്രയോഗമാകട്ടെ, ജാപ്പാന്റെ ശുദ്ധതകൊണ്ടൊന്നും പററിയതല്ല. എത്രയോ മുമ്പുതന്നെ ആലോചിച്ചുറച്ചിട്ടുള്ള ഒരു സംഭവമായിരുന്നുവെന്നു് മിഡ്‌വെ, ഗോം, വെയ്ക്കു് എന്നീ ദ്വീപുകളിൽ ഒരേ സമയത്താണു് ആക്രമണം നടത്തിയതെന്ന ഏക സംഗതികൊണ്ടുതന്നെ തെളിയുന്നുണ്ടു്. പെട്ടെന്നുണ്ടായ ഈ ചതിപ്രയോഗത്തിൽ കുറച്ചുനേരം അമേരിക്കക്കു് ഒരു മോഹാലസ്യം തട്ടിയെങ്കിലും അതെല്ലാം തീർന്നു ഇന്നും പേൾ തുറമുഖം അമേരിക്കയുടെ കൈവശംതന്നെയാണു്. അമേരിക്കക്കു് പററിയ നഷ്ടവും ചില്ലറയല്ല. എന്നാൽ അതൊന്നും അതിന്നുശേഷം ജാപ്പാന്നു പററിയ നഷ്ടങ്ങൾ വിചാരിച്ചാൽ സാരമായതല്ല. പേൾ തുറമുഖത്തിൽ ജാപ്പാൻ വെടിപൊട്ടിച്ച സമയം മുതല്ക്കാണു് ശാന്തസമുദ്രത്തിലേക്കു് യുദ്ധം ബാധിച്ചതും, ജാപ്പാൻ ഇന്നെ

ത്തെ യുദ്ധത്തിൽ ഇറങ്ങിയതും. പിറ്റെ ദിവസം മുതല്ക്കു് ബ്രിട്ടനും അമേരിക്കയും ജാപ്പാന്റെ നേരെയും യുദ്ധത്തിന്നിറങ്ങി. യുദ്ധരംഗത്തിൽ ജാപ്പാന്റെ ആവിർഭാവത്തിന്നു് ശേഷമാണു് ഇന്ത്യക്കു് കിഴക്കൻ പ്രദേശത്തും ആപത്തിന്നു് കാരണമായതെന്നോക്കുമ്പോൾ ഡിസെമ്പർ മാസം 7-ാം തിയ്യതി ലോകചരിത്രത്തിലെന്നല്ല ഇന്ത്യാചരിത്രത്തിലും ഏററവും ഗൌരവമേറിയ ഒരു ദിവസമാകുന്നു. രണ്ടു കൊല്ലമായി ജാപ്പാനുമായുള്ള യുദ്ധം ആരംഭിച്ചിട്ടു്. ആദ്യകാലങ്ങളിൽ ജാപ്പാൻ അനവധി രാജ്യങ്ങൾ ഐക്യകക്ഷികളുടെ വക്കൽനിന്നു് പിടിച്ചെടുത്തു. ഈ തട്ടിപ്പറി കുറച്ചുദിവസം നടന്നപ്പോഴെ അതിനെ നിലപ്പിക്കുവാൻ സാധിച്ചുള്ളു. ഇന്നെത്തെ സ്ഥിതി പറകയാണെങ്കിൽ പാമ്പിനെ പിടിച്ച കുരങ്ങിനെപ്പോലെയാണു് ജാപ്പാന്റെതു്. ശാന്തസമുദ്രരംഗത്തിൽ ഇപ്പോൾ നടക്കുന്ന യുദ്ധം ജാപ്പാൻ ഇഷ്ടപ്പെടുന്ന ദിക്കിൽ വെച്ചിട്ടല്ല, ഐക്യകക്ഷികൾ ഇഷ്ടപ്പെടുന്നേടത്തു് വെച്ചിട്ടാണു്. അതിനാൽ യുദ്ധത്തിന്റെ മെച്ചം ഐക്യകക്ഷികൾ കൊണ്ടുപോയിക്കഴിഞ്ഞു. ക്രമേണ ഐക്യകക്ഷികൾ ജാപ്പാന്റെ നേരെ കൂട്ടുന്ന പ്രഹരത്തിന്നു് ശക്തി കൂടിവരികയും ചെയ്യുന്നു. ഈ നിലക്കു് ഒന്നും പറയിക്കാതെ കാര്യം കലാശിച്ചാൽ മതിയെന്നായിരിക്കുന്നു ജാപ്പാന്റെ വിചാരം.

---

## പണം

പണം നല്ലതെന്നൊ, ചീത്തയെന്നൊ, വേണ്ടതെന്നോ, വേണ്ടാത്തതെന്നൊ, ഒന്നുമല്ല ഈ ലേഖനത്തിന്റെ പ്രതിപാദ്യവിഷയം. വേദാന്തമൊ സിദ്ധാന്തപ്രതിപാദനയൊ, ധർമ്മാധർമ്മവിവക്ഷയൊ, അതും അല്ല. ജീവിതത്തിന്റെ ഒരു ലക്ഷ്യം, ഉദ്ദേശം, അല്ലെങ്കിൽ പുരുഷാർത്ഥം പണമാക്കിതീർത്തിരിക്കുന്നുവെന്നുള്ള സംഗതിയാണു് പ്രകൃതം. ഇങ്ങിനെയാക്കിത്തീർത്തതു് നൊമ്മളാണോ? കേരളക്കരയിൽ ജീവിക്കുന്നവരാണൊ? അല്ല; ലോകം മുഴുവൻ ഈ നയം ആചരിച്ചുകഴിഞ്ഞിരിക്കുന്നു: നാം അങ്ങിനെ ആചരിക്കുന്നുണ്ടെങ്കിൽ അതു ലോകഗതിയുടെ ശക്തിയാണു്; തീരെ നമ്മുടെ കുററമല്ല. എങ്കിലും അല്പംകൊണ്ടു് നമ്മുടെ കുററവുമാണു്. ഈ ലോകഗതി നമ്മുടെ കരയിലോട്ടു തള്ളിക്കയറുന്നതിനെ തടഞ്ഞു നിർത്തുവാനുള്ള കരുത്തു്, മനസ്സിന്നുള്ള കെല്പു്, നമുക്കു കുറഞ്ഞതിനാലാണു് നൊമ്മളും ലോകഗതിയുടെ ഒഴുക്കിൽ പെടേണ്ടിവന്നതു്. ഒരു കാലത്തു് ഈ കെല്പ ധാരാളമായി നമുക്കുണ്ടായിരുന്നതാണു്. ആദ്ധ്യാത്മികമായും, മാനസികമായും ഉറച്ച ഒരു സംസ്കാരമായിരുന്നു ഒരു കാലത്തു നമ്മുടേതു്. ക്ലിപ്തമായും, ഏററവും ആദരണീയമായും, തേജസ്സോടും കൂടിയ ഒരു ധർമ്മം, ധർമ്മബുദ്ധിയോടുകൂടി, നടത്തിപ്പോന്നിരുന്ന ഒരു സമുദായമായിരുന്നു നമ്മുടേതു്. ധർമ്മബുദ്ധിയോടുകൂടിയാണു് നാം ധർമ്മം ആചരിച്ചിരുന്നതെന്നു് ഓർമ്മവെക്കണം; അധർമ്മഭീരുത്വം കൊണ്ടല്ല. എപ്പോൾ ഈ ധർമ്മബുദ്ധി നമുക്കു ക്ഷയിച്ചു്, നാം അധർമ്മഭീരുക്കളായൊ, അപ്പോൾ നമ്മുടെ കേല്പു് കുറഞ്ഞു; ലോകഗതിയുടെ ഒഴുക്കിൽ നാം പെട്ടു; നമ്മുടെ ജീവിതോദ്ദേശത്തിന്റെ ഊന്നൽ തെററി; സ്വധർമ്മാചരണത്തിൽ ഊന്നേണ്ടതായ ജീവിതോദ്ദേശം നാം പണത്തിലേക്കു മാററി. നമ്മുടെ ക്ലേശസമ്പന്നമായ ജീവിതവും ആരംഭിച്ചു. സ്വധർമ്മം ക്ഷയിച്ചു് പണത്തിൽ ഊന്നിക്കൊണ്ടുള്ള ജീവിതം നാം ആചരിച്ചു കഴിഞ്ഞാൽ, അതനുസരിച്ചു് പണം സമ്പാദിപ്പാനുള്ള മാർഗ്ഗങ്ങൾ നാം തേടിയൊ? ഇല്ല. ഇതാണു് ഏററവും ആപൽക്കരമായ സംഗതി. വാരിയത്തു് നിന്നു് നാം വിട്ടു; ചാലിയത്തൊട്ടെത്തിയതുമില്ല. ഉത്തമാംഗം മനുഷ്യന്റെ തലയാണെന്നുള്ള ബോധം വിട്ടു വയറാണെന്നുള്ള ബോധം വളർത്തി. എന്നാൽ ഈ വയറു് നിറക്കുവാനുള്ള വഴി നാം തേടിയില്ല. പണം എന്തൊന്നില്ലാതെ വർദ്ധിപ്പിക്കാൻ സാധിക്കുന്ന സമുദായം നമ്മുടെതല്ല; അതു് ഒന്നാന്തരം ഒരു വ്യവസായ സമുദായമായിരിക്കണം. യൂറോപ്യൻ രാജ്യങ്ങളിൽ ചിലതിന്റെയും അമേരിക്കയുടെയും സ്ഥിതി അതാണു്. അതിനാൽ പണത്തെ ആശ്രയിച്ചുകൊണ്ടുള്ള ജീവിതമാണെങ്കിൽ, അതൃത്തിയില്ലാത്ത ജീവിതസുഖം കാംക്ഷിച്ചുകൊണ്ടുള്ള ജീവിതമാണെങ്കിൽ, ഉടനെ ഒരു വ്യവസായികസമുദായമാക്കിതീർക്കുവിൻ നമ്മുടേതു്; അല്ലാത്തപക്ഷം ജീവിതോദ്ദേശം ഊന്നുന്നതു പണത്തിൽനിന്നു തെററിച്ചു് സ്വധർമ്മാചരണത്തിലാക്കുവിൻ; സുഖജീവിതകാംക്ഷ കുറച്ചു്:

"ഓലോല നൊന്നുമതി യെന്തിന്നു ഊരുകൂട്ടം"

എന്നുള്ള സ്ഥിതിയാകട്ടെ.

---

## മലബാർ ഇംപ്രൂവ്മെന്റ് ട്രസ്റ്റ്

ഇങ്ങിനെയൊരു സ്ഥാപനത്തിന്റെ ആവിശ്യകതയേയും, ഗുണദോഷങ്ങളേയും സംബന്ധിച്ചു് അടുത്ത ലക്കം മുതല്ക്കു ചില ലേഖനങ്ങൾ പ്രസിദ്ധീകരിപ്പാനുദ്ദേശിക്കുന്നുണ്ടു്. അവയെ യഥാവസരം വായിച്ചു് അഭിപ്രായങ്ങൾ എഴുതി അറിയിപ്പാൻ മാന്യവായനക്കാരോടപേക്ഷ.

# ലോകം ഈ നാലു മഹാന്മാരുടെ സമ്മേളനം പ്രതീക്ഷിച്ചിരിക്കുന്നു

## ഇവർ പേർസ്യയിൽ ടിഹറാനിൽ വെച്ചു സമ്മേളിക്കയാണ്



പ്രിസിഡെൻറ് റൂസ് വെൽട്ട്



വിൻസ്റ്റൺ ചർച്ചിൽ



ജനറലിസിമോ ചിയാങ്ങ് കീ ഷെക്ക്



മാർഷൽ സ്റ്റാലിൻ

# പടവെട്ടും ഇന്ത്യൻ നാലാം പടയും

## രണ്ടു യോദ്ധാക്കൾക്കു വിക്ടോറിയാക്രോസ് ബഹുമതി

### മററും പല ബഹുമതികളായി നൂററിമുപ്പത്തെട്ടു്

ഈ യുദ്ധത്തിൽ ഐക്യകക്ഷികൾക്കു ചരിത്രപ്രസിദ്ധമായ ഒരു വിജയമായിരുന്നു വടക്കൻ ആഫ്രിക്കയിൽ മാരത്തു് ലൈനിൽ വെച്ചുണ്ടായതു്. ഈ വിജയം നേടുവാൻ ജനറൽ മണ്ട്ഗോമറിക്കുണ്ടായിരുന്ന സൈന്യങ്ങളിൽ ഒരു പ്രധാന ഭാഗമായിരുന്നു പോരിൽ പിന്തിരിയാത്ത ഇന്ത്യൻ നാലാം പട. ഇതുപോലെത്തന്നെ അഞ്ചും ഏഴും ഇന്ത്യൻ സൈന്യ വ്യൂഹങ്ങളിലെ ശ്രക്കാസൈന്യവും ബ്രിട്ടീഷ് സൈന്യവും ധീരധീരം പൊരുതീട്ടുണ്ടായിരുന്നു. ഇന്ത്യൻ സൈന്യത്തിന്റെ ഈ രണവീര്യം സവിസ്തരമായി വർണ്ണിച്ചു കൊണ്ടു് ഇന്ത്യൻ സൈന്യ നായകൻ അടുത്തവസരത്തിൽ കൌൺസിൽ ഓഫ് സ്റ്റേറ്റിൽ വെച്ചു് ഒരു പ്രസ്താവന ചെയ്തു. ഇന്ത്യൻ സൈന്യങ്ങൾ പലേ യുദ്ധരംഗങ്ങളിലും നേടിയ നേട്ടങ്ങളെ സംബന്ധിച്ചുണ്ടായ ഒരു ചോദ്യത്തിന്നു് മറുപടിയായിരുന്നു ഇതു്.

### പ്രസ്താവന

"യുദ്ധഗതിയെ സംബന്ധിച്ചു് ഈ സഭയിൽ വെച്ചു് കഴിഞ്ഞ തവണ ചെയ്ത പ്രസ്താവനക്കു ശേഷം, ഐക്യകക്ഷികൾക്കു സർവ്വോപരി വിജയവും അഭിവൃദ്ധിയും ആണു് ഉണ്ടായതു്. വടക്കൻ ആഫ്രിക്കയിൽനിന്നും സിസലിയിൽ നിന്നും ശത്രുക്കളെ ഒരു തരി ബാക്കിവെക്കാതെ, ആട്ടിയോടിച്ചു. ഇതിന്നുശേഷം ബ്രിട്ടന്റെയും അമേരിക്കയുടെയും സൈന്യങ്ങൾ ഇററലിയുടെ തെക്കൻ പ്രദേശങ്ങളിലും സുസ്ഥാപിതമായിരിക്കുന്നു. ഇപ്പോൾ ഈ സൈന്യങ്ങൾ റോമിന്നഭിമുഖമായിട്ടാണു് കുതിക്കുന്നതു്.

### പൂർണ്ണ വിജയത്തിലേക്കു റോഡിൽക്കൂടി

യൂറോപ്പിലെ കിഴക്കൻ രംഗത്തിലാകട്ടെ, നമ്മുടെ മിത്രമായ റഷ്യക്കു ചരിത്രപ്രസിദ്ധമായ വിജയങ്ങൾ വന്നുചേരുന്നു. റഷ്യൻ സൈന്യങ്ങൾ ജർമ്മൻകാരെ നീപ്പർനദി കടത്തിവിട്ടുകഴിഞ്ഞു. ഈ രംഗത്തിലും ഇററലിയിലും നാസികൾക്കു കിട്ടുന്ന പ്രഹരങ്ങൾക്കു പുറമെ, അമേരിക്കയുടെയും ബ്രിട്ടന്റെയും വിമാനസൈന്യങ്ങൾ ജർമ്മനിയിൽ ചെന്നു് രാജ്യമൊട്ടാകെ ശ്മശാനസദൃശമാക്കിതീർക്കുന്നതും യുദ്ധത്തിന്റെ സ്വഭാവം തീരെ മാററിയിരിക്കുന്നു. യുദ്ധം വേഗം അവസാനിക്കുമെന്നു കരുതുന്നതു് ഒരുപക്ഷെ അബദ്ധമായെക്കാം. എന്നാൽ കൂടി, യൂറോപ്പിലെ സ്ഥിതി, മററു ദിക്കുകളിൽ ഏതു വിധമാണെങ്കിലും, അതികഷ്ടാവസ്ഥ കഴിഞ്ഞു്, പരിപൂർണ്ണ വിജയത്തിലേക്കുള്ള റോട്ടിൽ കയറിയെന്നു് നിസ്സംശയം പറയാം.

മദ്ധ്യധരണി തന്റെ തറവാട്ടു വകയാണെന്നായിരുന്നു മുസ്സോളിനി വിചാരിച്ചിരുന്നതു്. മുസ്സോളിനി വിചാരിച്ചപോലെയല്ല. കന്നിങ്ങ്ഹാമിന്റെ കളിപ്പാൻ കുളമാണെന്നായിരിക്കുന്നു ഇന്നത്തെ സ്ഥിതി. മദ്ധ്യധരണിയെ ഇത്തരത്തിലാക്കിതീർക്കുവാൻ ഇന്ത്യൻ കടൽസൈന്യവും ഇന്ത്യൻ സൈന്യവും എത്രകണ്ടു് പണിയെടുത്തിട്ടുണ്ടെന്നു് പറവാൻ പ്രയാസമാണു്. ഇന്ത്യൻ സൈന്യങ്ങൾ ടൂണീസ്യയുടെ മലംപ്രദേശങ്ങളിലാണു് വടക്കൻ ആഫ്രിക്കയിൽ ഒടുവിലത്തെ ഘട്ടത്തിൽ പോരാടിയതു്. ഇങ്ങിനെയുള്ള പ്രദേശത്തു യുദ്ധം ചെയ്യാൻ ഇന്ത്യൻ നാലാം ഡിവിഷന്നു് പ്രത്യേകം അഭ്യാസം കൊടുത്തിട്ടുണ്ടായിരുന്നു.

### പോരിൽ പിന്തിരിയാത്ത നാലാം പട

ജനറൽ മണ്ട്ഗോമറി മാരത്തു് ലൈനിൽ വെച്ചു നടത്തിയ യുദ്ധത്തിൽ ഈ നാലാം പടക്കുണ്ടായിരുന്ന സ്ഥാനം പ്രത്യേകമായിട്ടുള്ള ഒന്നായിരുന്നു. ഈ പടയിലുണ്ടായിരുന്ന ഇന്ത്യക്കാരും, ശ്രക്കകളും, ബ്രിട്ടീഷ്കാരും ജർമ്മൻകാരുടെയും ഇററലിക്കാരുടെയും നേരെ നടത്തിയ പോരിൽ പലേ പ്രാവീണ്യവും മുഷ്ടിയുദ്ധം വേണ്ടിവന്നിട്ടുണ്ടായിരുന്നു. മത്മാത്താ മലകളിൽ നിന്നു് ആരംഭിച്ചു മുതല്ക്കു ടൂണീസ്യയിൽ എൻഫിഡാവിൽ എത്തുന്നതുവരെ ഈ ഒരു പടക്കുണ്ടായിട്ടുള്ള വിജയവേള ചരിത്രപ്രസിദ്ധമാണു്.

എൻഫിഡാവിലിന്നു് വടക്കു പ്രദേശത്തു് എത്രയും ശക്തിയോടുകൂടി കെട്ടിയ ശത്രു സൈന്യ വ്യൂഹങ്ങളെ എതുക്കേണ്ടതിന്നു് എട്ടാം സൈന്യത്തെ സഹായിക്കാനായി ജനറൽ അലക്സാണ്ടർ സേനയും സാമഗ്രികളും വേണമെന്നാവശ്യപ്പെട്ടപ്പോൾ, ഈ സഹായകർമ്മം നിറവേററുവാനുള്ള യോഗംവന്നതു രണ്ടുകേളികെട്ട പടകൾക്കാണു്. ഇതിൽ ഒന്നു ബ്രിട്ടീഷ് ഏഴാം സൈന്യവും, മറേറതു് ഇന്ത്യൻ നാലാം പടയുമായിരുന്നു. ടൂണീസ് നഗരിയുടെ നേരെയുണ്ടായ പോരിൽ അവർ മുന്നിട്ടു; അതിനെ അല്പദിവസം കൊണ്ടു് കൈവശപ്പെടുത്തി.

### വോൺ ആർണീമിനെ ബന്ധിച്ചു

ഐക്യകക്ഷി സൈന്യങ്ങൾ ടൂണീസ്സിൽനിന്നും കടന്നു് വടക്കൻ ആഫ്രിക്കയിലെ മററു പ്രദേശങ്ങളിൽ കൂടി ശത്രുക്കളെ ഉന്മൂലനാശം ചെയ്യേണമെന്നു കരുതി പുറപ്പെട്ടപ്പോഴാണു് ജർമ്മൻ സൈന്യനായകനായ ജനറൽ വൊൺ ആർണീം തന്റെ കൂട്ടുകാരോടുകൂടി കീഴടങ്ങിയതു്. അദ്ദേഹം കിഴടങ്ങിയതു് ഇന്ത്യൻ നാലാം ഡിവിഷ്യനിൽ പെട്ട സൈന്യങ്ങൾക്കായിരുന്നു. ഇന്ത്യൻ സൈന്യവും ബ്രിട്ടീഷ് സൈന്യവും, കാളിന്ദിയും ഗംഗയും മേളിച്ചപോലെ, സമ്മേളിച്ചുകൊണ്ടുള്ള ഒരു പടയുടെ പോരാട്ടത്തിന്റെ അവസാനം ചരിത്രപ്രസിദ്ധമായ ഇങ്ങിനെ ഒരു സംഭവത്തിലായതിലും മഹത്തായിട്ടു് മറെറന്താണുള്ളതു്!

ഇററലിയിലെ മറെറാരു സൈന്യനായകനായിരുന്ന അയോസ്റ്റാഡ്യൂക്ക് അബ്സീനിയായിൽ അംബാ അലഗിയിൽവെച്ചു് അഞ്ചാം പടക്കു് കീഴടങ്ങിയെന്നുള്ള സംഗതിയും മറക്കാവുന്നതല്ല.

ഇന്ത്യൻ നാലം ഡിവിഷ്യനിലെ വീരശിഖാമണികളായ യോദ്ധാക്കളുടെ മനക്കരുത്തും, അഭ്യാസാതിശയവും, പോരിലുള്ള പരാക്രമവും മററും എത്രകണ്ടുണ്ടായിരുന്നുവെന്നറിവാൻ മറെറാന്നും വേണ്ടാ; ആഫ്രിക്കയിലുണ്ടായ യുദ്ധം അവസാനിച്ച ഉടനെ ചക്രവർത്തി തിരുമേനി 138 ബിരുദുകൾ നൽകി. ഈ ബിരുദുകളെല്ലാം ഇന്ത്യൻ സൈന്യ ഉദ്യോഗസ്ഥന്മാർക്കായിരുന്നു. രണ്ടാളുകൾക്കു് വിക്ടോറിയാ ക്രോസ് ബിരുദ് കിട്ടി. അതിൽ ഒന്നു് ഒയമ്പതാം ശ്രക്കാറജിമെണ്ടിലുള്ള സുബേദാർ ലാൽ ബഹദൂർ തപക്കായിരുന്നു. രണ്ടാമത്തെ വിക്ടോറിയാ ക്രോസ് കിട്ടിയതു് മരിച്ചുപോയ ഹവിൽദാർ മേജർ ചേലുരാമന്നായിരുന്നു.

### മദ്ധ്യധരണിയിൽ ഇന്ത്യൻ കടൽസൈന്യം

യുദ്ധത്തിന്റെ അടുത്ത പദ്ധതി മദ്ധ്യധരണിയിൽ വെച്ചായിരുന്നു. ഈ പദ്ധതിയിൽ ഇന്ത്യൻ കടൽ സൈന്യത്തിന്നുണ്ടായിരുന്ന സ്ഥാനം ഒട്ടും അപ്രധാനമല്ലായിരുന്നു. ഐക്യകക്ഷി സൈന്യങ്ങൾ ജൂലായി 10-ാം തിയ്യതി സിസലിയിലെ കടൽപ്പുറത്തു ചെന്നിറങ്ങിയ ഘട്ടത്തിൽ ഇന്ത്യൻ കപ്പലുകൾക്കു് വലുതായ ഒരു പങ്കുണ്ടായിരുന്നു. വടക്കൻ ആഫ്രിക്കയിൽനിന്നു് സിസലിയിലെക്കു് സൈന്യങ്ങളേയും യുദ്ധസാമഗ്രികൾകൊണ്ടു് പോകാൻ ഇന്ത്യൻ കപ്പലുകൾ ചെയ്ത സഹായം ചില്ലറയല്ല. അവർ ബ്രിട്ടന്റെയും മററ് ഐക്യകക്ഷി കോയ്മകളുടേയും കടൽസൈന്യങ്ങളായി സഹകരിച്ചതു് ഏററവും സൌഹാർദ്ദത്തോടുകൂടിയുമായിരുന്നു. കടൽ സൈന്യാധികൃതന്മാർ ഇന്ത്യൻ കപ്പലുകളെക്കൊണ്ടുണ്ടായ ഉപകാരത്തെ സംബന്ധിച്ചു് ഏററവും പ്രശംസിച്ചു പറകയും ഉണ്ടായിട്ടുണ്ടു്.

സിസലിയിൽ എത്തിയതിന്നു് ശേഷവും ഇന്ത്യൻ സൈന്യം മുന്നോട്ടുവന്നു. ബ്രിട്ടന്റെയും അമേരിക്കയുടേയും സൈന്യങ്ങളൊടൊന്നിച്ചു് ഇന്ത്യൻ സൈന്യങ്ങളും കടലോര യുദ്ധങ്ങളിൽ വളരെ പങ്കെടുത്തിട്ടുണ്ടായിരുന്നു. കടലോര യുദ്ധം സാധാരണ യുദ്ധരീതിയിലല്ല. ഒരു സൈന്യത്തിന്റെ നാനാമുഖങ്ങളും ഇതിൽ പങ്കെടുക്കേണ്ടതുണ്ടു്. കപ്പലിൽനിന്നു് കരക്കിറങ്ങുന്ന ഘട്ടത്തിൽ ശത്രുസൈന്യബലം നേരിടേണമെന്നുമാത്രമല്ല, ഇവർ ഉള്ളിലേക്കു് കയറി യുദ്ധം ആരംഭിക്കുന്നവർക്കു് വേണ്ട രക്ഷാമാർഗ്ഗങ്ങളെല്ലാം ഏർപ്പാടു ചെയ്തുകൊടുക്കുകയും വേണം. ഇത്തരത്തിലുള്ള കടലോര യുദ്ധത്തിൽ പങ്കെടുത്തിരുന്ന ഇന്ത്യൻ സൈന്യങ്ങൾ മേലധികാരത്തിന്നു് പരിപൂർണ്ണമായ തൃപ്തി നല്കീട്ടുണ്ടെന്നാണു് റിപ്പോർട്ടു്.

### ഇററലിയിൽ

ഇററലിക്കു് അധഃപതനമായതോടുകൂടി ഇന്ത്യൻ സൈന്യങ്ങൾ നാസികളെ യൂറോപ്പിലേക്കു് തന്നെ ആട്ടിക്കയററുന്നു. ഇപ്പോൾ ഇന്ത്യൻ സൈന്യങ്ങൾ ഇററലിയിൽ ഉണ്ടു്; ശത്രുക്കളോടു നേരിടുകയും ചെയ്യുന്നുണ്ടു്. യുദ്ധരംഗം ഇററലിയിൽ വലിയ മലംപ്രദേ

മായതിനാൽ, യുദ്ധം നടത്തുന്നത് വളരെ പ്രയാസപ്പെട്ടുകൊണ്ടാണ്. എന്നിട്ടും, അവർ ട്രീഗ്നൊ നദിയുടെ തീരത്തെത്തിച്ചിരിക്കുന്നുവെന്നാണ് കേട്ടത്. ഈ ഇന്ത്യൻ സൈന്യം ഏററവും പരിഷ്കരിച്ചതായ ആയുധങ്ങൾ ധരിച്ചുകൊണ്ടാണ് യുദ്ധം നടത്തുന്നത്. വടക്കൻ ആഫ്രിക്കയിൽ ഇന്ത്യൻ സൈന്യം പ്രദർശിപ്പിച്ച യുദ്ധവൈദഗ്ദ്ധ്യമെല്ലാം ഇവരും പ്രകാശിപ്പിക്കുന്നുണ്ട്. തീർച്ചയായും അവർ അവരുടെ രാജ്യത്തിന്റെ കീർത്തി വർദ്ധിപ്പിക്കാതിരിക്കയില്ല.

ഏഷ്യയിലേക്കു കടന്നുനോക്കിയാൽ, യൂറോപ്യൻ രംഗത്തിൽ നടന്ന വിജയങ്ങളെപ്പോലെ ചരിത്രപ്രധാനമായവയൊന്നും ഇല്ലെങ്കിലും, അമേരിക്കൻ സൈന്യങ്ങളും ആസ്ത്രേലിയൻ സൈന്യങ്ങളും തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രത്തിൽ നേടിയ നേട്ടങ്ങളൊന്നും അപ്രധാനമല്ല. ബർമ്മയുടെ അതൃത്തിപ്രദേശത്തെ സ്ഥിതി ഉറച്ചപോലെയാണിപ്പോൾ ഇരിക്കുന്നത്. ഈ പ്രദേശത്തു് പ്രവർത്തിയാരംഭിക്കാൻ ആദ്യംമുതല്ക്കു് ഉപ്പുതൊട്ടു കർപ്പൂരത്തോളം ശേഖരിക്കേണ്ടിവന്നു. എങ്കിലും ഇവിടങ്ങളിലും നമ്മുടെ ഇന്ത്യൻ സൈന്യത്തിന്റെ ധീരതക്കു് ഒട്ടും മോശമില്ല

## അരാക്കാൻ രംഗം

മനുഷ്യനാൽ തടുപ്പാൻ സാധിക്കാത്ത ചില സംഭവങ്ങളെക്കൊണ്ടാണു് ഈ രംഗത്തിൽ ആദ്യം ഒരു വിജയാരംഭമാണോ എന്നു് തോന്നിയ സ്ഥിതിക്കു്, മാററംവന്നു് ഒരു പരാജയംപോലെ കലാശിച്ചതു്. എങ്കിലും ഇവിടെയുണ്ടായ യുദ്ധങ്ങളിൽ ജാപ്പാൻകാരനെക്കാൾ ഒരു വിധത്തിലും മോശമില്ല ഇന്ത്യൻ യോദ്ധാവെന്നു് ധാരാളം തെളിയിച്ചിട്ടുണ്ടു്.

ഹവിൽദാർ പരേക്കു് സിങ്ങിന്നു് കിട്ടിയ വിക്ടോറിയാ ക്രോസ് സാധാരണപോലെ കരുതേണ്ട ഒന്നല്ല. അദ്ദേഹത്തിന്റെ മേലധികാരിയുടെ ശിപാർശി കൊണ്ടല്ല ഈ ബഹുമതി കിട്ടിയതു്; അദ്ദേഹത്തിന്റെ കീഴിലുള്ള സൈന്യ സംഘത്തിന്റെ ഒന്നിച്ചു് യുദ്ധം ചെയ്തിരുന്ന ഒരു ബ്രിട്ടീഷ് സൈന്യത്തിന്റെ ശിപാർശി കൊണ്ടാണു്. ഹവിൽദാർ സിങ്ങിന്റെയും അദ്ദേഹത്തിന്റെ കീഴിലുള്ളവരുടേയും പോരാട്ടത്തിലുള്ള ധീരതകണ്ടു് സന്തോഷാധിക്യംകൊണ്ടു് ബ്രിട്ടീഷ് സൈന്യ കമ്പനിക്കാർ ശിപാർശി ചെയ്കയാണുണ്ടായതു്. അരാക്കാൻ രംഗത്തിൽ യുദ്ധം കഴിഞ്ഞ ഉടനെ 83 ഇന്ത്യൻ യോദ്ധാക്കൾക്കു് ബഹുമതി നൽകി. അവർ എന്താണ് അരാക്കാനിൽ കാട്ടിയതെന്നു് ഈ ഒററ സംഭവംകൊണ്ടു് തീർച്ചയാക്കാം. ഒടുവിൽ നമുക്കു പരാജയമാണ് ഈ രംഗത്തിലുണ്ടായതെങ്കിലും ഇന്ത്യൻ യോദ്ധാക്കൾ ഇവിടെ കാട്ടിയ പരാക്രമത്തിന്റെ ഫലമായി നമുക്കുണ്ടായതിനേക്കാൾ എത്രയോ അധികം നാശം ശത്രുവിന്നുണ്ടായി.

ബർമ്മയിൽതന്നെ മറെറാരു രംഗത്തിൽ ഗൂർഖാ സൈന്യങ്ങളും ഇന്ത്യൻ സൈന്യങ്ങളും ഉത്സാഹഭരിതരായിട്ടാണ് പെട്രോൾ നടത്തിപോരുന്നതു്. ഈ രംഗത്തിൽതന്നെ ജനറൽ വിൻഗേററിന്റെ കീഴിൽ മദ്ധ്യ ബർമ്മക്കു് ഒരാക്രമണം നടത്തിയതും, തന്മൂലം അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകളും ഇന്ത്യയ സൈന്യത്തിന്നു് എത്രയോ പ്രശംസക്കു് കാരണമാണ്.

## ബർമ്മയുടെ അതൃത്തിയിൽ ഒരുങ്ങിനില്ക്കുന്നു

കാലാവസ്ഥ എത്രതന്നെ മോശമാണെങ്കിലും നമ്മുടെ സൈന്യങ്ങൾ നിരന്തരം നടത്തിവരുന്ന പെട്രോൾ ജോലിക്കു് യാതൊരു മുടക്കവുമില്ല. ഈ പെട്രോൾ പ്രവർത്തി എല്ലാംകൊണ്ടും നല്ലതാണ്. നമ്മുടെ സൈന്യം ശത്രുസൈന്യങ്ങളോടേററുമുട്ടുന്നവസരത്തിൽ തങ്ങൾ ശത്രുക്കളേക്കാൾ ഒട്ടും മോശമല്ലെന്നുള്ള ഒരു ബോദ്ധ്യം അവർക്കുണ്ടാകുന്നു; രണ്ടാമതു് ശത്രുവിന്റെ സൈന്യത്തിന്റെ സ്ഥിതിഗതികൾ ഇതുകൊണ്ടു മനസ്സിലാകാനിടവരുന്നു; മൂന്നാമതു്, നമ്മുടെ വർത്തമാനങ്ങൾ അവർക്കറിയാനും ഇടയില്ല. ഇതെല്ലാം അനുഭവപ്പെട്ട സംഗതികളാണ്. കഴിഞ്ഞ മെയിമാസത്തിൽ ചിൻമലകളിൽവെച്ചു് ശത്രുസൈന്യങ്ങളോടു് ഇന്ത്യൻ സൈന്യം ഏററുമുട്ടി. ഈ സംഭവത്തിൽ നമ്മുടെ സൈന്യങ്ങളുടെ പരാക്രമത്തിന്നാണ് ഗൂർഖാ, ഹവിൽദാർ ഗജഘലിക്കു് ഒരു വിക്ടോറിയാ ക്രോസ് ബഹുമതി നൽകിയതു്. ഇങ്ങിനെയുള്ള ധീരയോദ്ധാക്കൾ നമ്മുടെ സൈന്യത്തിലുള്ള കാലത്തോളം ഇന്ത്യയുടെ രക്ഷയെപ്പററി ആരും അല്പമെങ്കിലും പരിഭ്രമിക്കേണ്ടാ.



ലാൽ ബഹദൂർ തപക്കു് ചക്രവർത്തി തിരുമേനി വിക്ടോറിയാ ക്രോസ്സ് ബഹുമതി നൽകുന്നു. ഈ സംഭവം നടന്നതു് വടക്കൻ ആഫ്രിക്കയിൽ വെച്ചാണ്.

# ഗവമ്മേണ്ടു് പ്രസ്സ്

## വാർ സെക്ഷൻ വാർഷികയോഗം

ഗവമ്മേണ്ടു് പ്രസ്സിൻെറ വാർ സെക്ക്ഷൻ പ്രത്യേകമായി ആരംഭിച്ചതിൻെറ ഒന്നാമത്തെ വാർഷികയോഗം നവെമ്പർ 27-ാം തിയ്യതി പ്രസ്സിൽ വെച്ചു തന്നെ വളരെ ഭംഗിയായി കൊണ്ടാടി. ക്ഷണിച്ചു വരുത്തിയ അതിഥികളും പ്രസ്സിലെ വാർ സെക്ക്ഷൻ ജോലിക്കാരും ചേർന്നു് ഒരു ചായ സൽക്കാരവും, ഗ്രൂപ്പു് ഫോട്ടോവും, ഒടുവിൽ ഒരു മീററിങ്ങും ആയിരുന്നു കാര്യപരിപാടി. സഭയിൽ അദ്ധ്യക്ഷം വഹിച്ചതു് പ്രസ്സ് സൂപ്രഡെണ്ടു് മി. എ. ലപ്പർ ആയിരുന്നു. അദ്ധ്യക്ഷൻെറ പ്രസംഗത്തിന്നു ശേഷം, ഡയരക്ടർ ഓഫ് വാർ പബ്ലിസിററി, ക്യാപ്ററൻ ഹാർവിയും, മദ്രാസ് വാർ റെവ്യൂ പത്രാധിപർ, മി. ടി. എ. വി. നാഥനും മദ്രാസ് ഗവമ്മേണ്ടു് പ്രസ്സ് വാർ സെക്ക്ഷനെ അനുമോദിച്ചുകൊണ്ടും, ഈ സെക്ക്ഷനിലെ അധികൃതന്മാരിൽനിന്നും, അതിലെ മററു ജോലിക്കാരിൽനിന്നും ഹാർദ്ദമായി ലഭിച്ചിരുന്ന സഹകരണത്തെ പ്രശംസിച്ചുകൊണ്ടും ഉള്ള പ്രസംഗങ്ങൾ ചെയ്തു. വിശിഷ്യ അസിസ്റ്റാൻറ് സൂപ്രഡെണ്ടു് മി. ജി. എഫ്. അമലനാഥനാണു് ഈ സെക്ക്ഷൻ ഈ നിലയിൽ വളൎന്നുവരുവാൻ കാരണമായിട്ടുള്ളതെന്നുള്ള സംഗതിയും പ്രസംഗമദ്ധ്യേ വെളിപ്പെടുത്തി. യുദ്ധസംബന്ധമായ പ്രചാരവേലയിൽ കാലോചിതമായും കമനീയമായും ഉള്ള പ്രസിദ്ധീകരണത്തിന്നു് സെക്ക്ഷൻ ഫോർമാൻ മി. കെ. ആർ. രാജഭൂഷണം, ഡിസ്പാച്ചു് സെക്ക്ഷൻ മേനേജർ മി. എം. കണ്ണബിരാം പിള്ള, ഇംപോസർമാരായ ആർ. ടി. സുന്ദരേശൻ, എം. മുനുസ്വാമി നായർ എന്നിവരുടെ അശ്രാന്തപരിശ്രമങ്ങളെയും അഭിനന്ദിച്ചു. മലയാള സെക്ക്ഷനെ സംബന്ധിച്ചുമാത്രം പറകയാണെങ്കിൽ അതിലെ ജോലിക്കാരും പത്രാധിപരും തമ്മിൽ ഒരു കുടുംബം പോലെയാണു് വൎത്തിച്ചുവരുന്നതെന്നുള്ള സംഗതിയും ഇവിടെ പ്രത്യേകം പ്രസ്താവയോഗ്യമാണു്.

(4-ാം പേജിൽനിന്നു് തുടർച്ച)

കരുത്തു് ജർമ്മൻ തലസ്ഥാന നഗരിയിൽ അവരാൽ കഴിയുന്ന ശക്തിയോടുകൂടി പ്രയോഗിക്കുന്നുണ്ടെങ്കിൽ അതു് മനുഷ്യപ്രകൃതിയാണു്. ബ്രിട്ടീഷു് ഹൃദയം തപിപ്പിച്ച തീതന്നെയാണു് ബർലിനേയും ദഹിപ്പിക്കുന്നതു്.

"ഉല്ലംഘ്യസിന്ധോഃ സലിലം സലീലം
യശ്ശോക വഹ്നിം ജനകാത്മജായാഃ
ആദായതേനൈവ ദദാഹലങ്കാം
നമാമിതം പ്രാഞ്ജലി രാഞ്ജനേയം."

ജനകാത്മജയുടെ ദുഃഖമായിരിക്കുന്ന തീയിനെ ഹനുമാൻ ഇങ്ങോട്ടു് വാങ്ങി; അതായതു്, സീതയുടെ ദുഃഖം ശമിപ്പിച്ചു്, ആ ദുഃഖവഹ്നികൊണ്ടുതന്നെ ലങ്കയെ ദഹിപ്പിക്കുകയും ചെയ്തു. ബ്രിട്ടീഷു് ഹൃദയത്തിൻെറ ദുഃഖവഹ്നിയാണു് ഇന്നു് ജർമ്മൻ തലസ്ഥാന നഗരിയെ ദഹിപ്പിക്കുന്നതു്; ഇതു് ജർമ്മനിയെ മുഴുവൻ ഒരു പക്ഷെ ദഹിപ്പിച്ചേക്കാം.

### കെയിറോസമ്മേളനം

പറഞ്ഞു് പറഞ്ഞു് നേതാക്കന്മാർ കാര്യം പററിച്ചു. അമേരിക്ക, ബ്രിട്ടൻ, റഷ്യ, ചൈന എന്നി കോമ്മയകളുടെ നേതാക്കന്മാർ അടുത്തവസരത്തിൽ സമ്മേളിച്ചു് യുദ്ധത്തെ സംബന്ധിച്ചുള്ള ഭാവി നടവടികളും, യുദ്ധാനന്തരം വേണ്ട സംഗതികളും ആലോചിച്ചുറക്കുമെന്നു പറഞ്ഞു കൊണ്ടിരിക്കുമ്പോളതാ, അവരാൽ മൂന്നാം ഈജിപ്റ്റിൽ കെയിറോവിൽ വെച്ചു് സമ്മേളിച്ചുവെന്നു് കേൾക്കുന്നു. ഈ സമ്മേളനം കഴിഞ്ഞ ഉടനെ സ്ററാളിനെ കാണുമാനായി മൂന്നാളും കൂടി പുറപ്പെടുവാനും തീർച്ചയാക്കിയിരിക്കുന്നു. പേർസ്യയിൽ എങ്ങാണ്ടോ വെച്ചാണത്രെ ഇവർ റഷ്യൻ നേതാവിനെ കാണുന്നതു്. ഈ സമ്മേളനം യഥാർത്ഥത്തിൽ ചരിത്ര പ്രസിദ്ധമായിട്ടുള്ളതാണു്. മോസ്കോ സമ്മേളനത്തിലുണ്ടായ തീർപ്പുകളെ ഇവർ കുറെ കൂടി വശീകരിക്കുകയും, ഇവരുടെ സ്വതന്ത്രമായ അഭിപ്രായങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നതാണു്.

കഥാപംക്തി

# കൊട്ടക്കാററ്

## ശാരദ

(പകപ്പവകാശം ഗ്രന്ഥകത്താവിന്നു മാത്രം)

(തുടച്ച്)

IX

താൻ സംഗീതത്തിൽ വാസനയില്ലാത്തവനാണെന്ന് മാധവന്ന് ബോദ്ധ്യപ്പെട്ടതുമുതൽക്കു മനസ്സിൽ പലേ പരിഭ്രമങ്ങളും വന്നു ചേർന്നു. വിശേഷിച്ച്, മാലതിക്കു തന്നോടുള്ള സ്നേഹബഹുമാനങ്ങൾക്കു വല്ല വ്യത്യാസവും വന്നുചേരുമോ എന്നായിരുന്നു മാധവൻെറ പരിഭ്രമം. സംഗീത വിദ്വാനായ കുമാരനോടു മാലതിക്കു തന്നോടുള്ളതിനേക്കാൾ അധികമായ സ്നേഹം ജനിച്ചേക്കുമോ എന്നായിരുന്നു മാധവൻെറ പരിഭ്രമത്തിന്ന് പ്രധാന കാരണം. എന്നാൽ ഈ പരിഭ്രമം അടിസ്ഥാനരഹിതമായിരുന്നു. അബദ്ധങ്ങളിൽനിന്നു കൂടി ആനന്ദം ആസ്വദിക്കാൻ സാധിക്കത്തക്ക ഒരു തരം ലയമാണ് പ്രണയലഹരി. കുമാരൻെറ സംഗീതത്തിലുള്ള സന്തോഷത്തിലധികമായിരുന്നു മാലതിക്കു മാധവൻെറ കഴുതകരച്ചിലുകൊണ്ടുണ്ടായിരുന്നതെന്ന് ധരിക്കാനുള്ള പ്രണയപരിചയം മാധവന്നില്ലായിരുന്നു. ഇതു് മാലതിയുടെ സംഗീതജ്ഞാനമില്ലായ്മകൊണ്ടല്ല, പ്രണയത്തിൻെറ അതിഗഹനമായ പ്രകൃതിവൈഭവമാണ്. മാധവന്നു സംഗീതത്തിലുള്ള സാമർത്ഥ്യശൂന്യതയെ മാലതിക്കു നല്ലവണ്ണം അറിയാമായിരുന്നുവെങ്കിലും മാധവൻ ഗദ്ദഭഗാനം ചെയ്യുന്നതു് മാലതിക്കു എന്തൊന്നില്ലാത്ത ഒരാഹ്ലാദത്തിന്ന് കാരണമായിരുന്നു.

ഈ പോരായ്മയൊന്നു തീക്കേണമെന്നുവെച്ചു മാധവൻ അത്യദ്ധ്വാനം ചെയ്തു. ഒരു ഹാർമോണിയം സ്വകാര്യത്തിൽ വാങ്ങി തൻെറ വീട്ടിൽ ശയനമുറിയുടെ ജനലുകളെല്ലാം അടച്ചു ദിവസേന മാധവൻ പാട്ടുപാടുകയും ഹാർമോണിയം വായിക്കുകയും ചെയ്യും. ഇങ്ങിനെ ഒരു ദിവസം പാടിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ തൻെറ വാതില്ക്കൽ ആരോ തട്ടുന്നുണ്ടെന്ന് തോന്നി. വാതിൽ തുറന്നു നോക്കിയതോടുകൂടി മാധവൻെറ മുഖം വിളർത്തു.

കുമാരൻ : മൂപ്പരെ, വാതിലടച്ചിട്ടാണ് ഈ പ്രകൃതിവിരുദ്ധമായ ജോലി താങ്കൾ നടത്തുന്നതെങ്കിലും, പോലീസ്സുകാരറിഞ്ഞാൽ പിടിച്ചുകൊണ്ടുപോയെന്നു വരാം. അതിനാൽ സൂക്ഷിച്ചിട്ടു മതി ഇത്തരത്തിലുള്ള ജോലി നടത്തുന്നതു്.

മാധവൻ : ഞാൻ കുററക്കാരനാണെന്ന് സമ്മതിക്കുന്നു, എന്ന് ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു.

കുമാരൻ : മാധവനോടു ഗൌരവമായ ചില കാര്യങ്ങൾ എനിക്ക് സംസാരിക്കാനുണ്ടു്. അതാണ് ഞാൻ ഇപ്പോൾ ഇങ്ങോട്ടു വന്നതു്. മാലതിയും താങ്കളുമായിട്ടുള്ള ബന്ധം ഏതു നിലക്കു കലാശിപ്പിക്കുവാനാണ് ഉദ്ദേശം ?

മാധവൻ : മാലതിയും ഞാനുമായിട്ടുള്ള ബന്ധത്തിൽ തനിക്കെന്താണ് പറവാനുള്ളതു് ? തന്നോടു സമാധാനം പറവാൻ എനിക്കെന്തു തരവാദമാണ് ?

കുമാരൻ : അങ്ങിനെ ന്യായം പറഞ്ഞു കുറച്ചു കാലമൊക്കെ ഒഴിഞ്ഞു നില്ക്കാം. പക്ഷെ മാധവനും മാലതിയും രണ്ടാളുകൾമാത്രമല്ലാ ഈ ലോകത്തിലുള്ളതെന്ന് മനസ്സിലാക്കണം. നിങ്ങൾ തമ്മിൽ ഉത്തരവാദപ്പെടാതെ നടത്തുന്ന പ്രണയവ്യാപാരം കണ്ടുകൊണ്ടിരിക്കുന്ന ഒരു സമുദായമുണ്ടു്. മാധവന്ന് ഇഷ്ടമായാലും ഇല്ലെങ്കിലും, ഈ സമുദായം ചോദിക്കുന്ന ചോദ്യത്തിന്ന് തക്കതായ സമാധാനം പറയേണ്ടിവരും. പോരെങ്കിൽ, ഗോവിന്ദക്കുറുപ്പിൻെറ ഒരു സ്നേഹിതൻെറ നിലക്കു മാലതിയെ സംബന്ധിച്ചേടത്തോളം മാധവൻെറ വിചാരങ്ങളെന്താണെന്ന് ചോദിക്കാനുള്ള അധികാരം എനിക്കുണ്ടു്. ഇതിന്നെല്ലാം പുറമെ, മാലതിയെ സംബന്ധിച്ചു എന്തെങ്കിലുമായിക്കൊള്ളട്ടെ എന്നുള്ള ഒരു മനസ്ഥിതിയല്ലാ എനിക്കെന്നും താങ്കൾക്കു അറിയാനിടയുണ്ടായിരിക്കണം.

മാധവന്ന് കുമാരനോടു തക്കതായ സമാധാനം പറവാനുള്ള മനക്കരുത്തു ആ സമയത്തുണ്ടായിരുന്നില്ല. അതിനാൽ ഒന്നുമാത്രം സമാധാനം പറഞ്ഞു : "മാലതിയെ ചീത്തപ്പേർ കേൾപ്പിക്കാനുള്ള ഉദ്ദേശമൊന്നും എനിക്കില്ല."

കുമാരൻ : ജാതിമതവ്യത്യാസമൊന്നുമില്ലാതെ ജീവിക്കുന്ന ഒരു കുടുംബമായി ബന്ധപ്പെടുവാനിടവരരുതെന്ന് വെച്ചല്ലെ മാധവനെ അച്ഛൻ ഇവിടെ വന്ന് ഒരവസരത്തിൽ കൂട്ടിക്കൊണ്ടുപോയതു് ? അച്ഛൻ ഉദ്ദേശിച്ചപോലെ കാര്യങ്ങൾ നടത്തുവാൻ സാധിക്കുന്നതിന്നു മുമ്പു മരിച്ചുപോവുകയും ചെയ്തു. അച്ഛൻ മരിച്ചുവെങ്കിലും അദ്ദേഹത്തിൻെറ ഉദ്ദേശം തെററിനടപ്പാനുള്ള ധൈര്യം ഇന്ന് മാധവന്നുണ്ടോ ? ഇങ്ങിനെ ഇരിക്കെ, ഒരു കാര്യം തീച്ചയറിവാനാണ് ഞാൻ ഇവിടെ വന്നതു്. മാലതിയെ വിവാഹം ചെയ്യാൻ മാധവൻ വിചാരിക്കുന്നുണ്ടോ ?

മാധവൻെറ ദേഷ്യം അടക്കുവാൻ വയ്യാതായി. കുമാരൻെറ നേരെ തിരിഞ്ഞുകൊണ്ടു മാധവൻ ഇങ്ങിനെ പറഞ്ഞു : "താൻ ഗോവിന്ദക്കുറുപ്പിൻെറ സ്നേഹിതനായിരിക്കാം. പക്ഷെ ഇത്ര സ്വാതന്ത്ര്യമായി ധിക്കാരഭാഷ സംസാരിപ്പാനുള്ള അടുപ്പം നാം തമ്മിലില്ല. എൻെറ വിവാഹകാര്യം ഞാൻ തീച്ചയാക്കിക്കൊള്ളാം."

കുമാരൻ : എടൊ, ഒരു സംഗതി ധരിക്കു. സമുദായം തന്നെപ്പോലുള്ള ഉത്തരവാദശൂന്യന്മാക്ക് കളിപ്പാനുള്ള കൂത്തരങ്ങല്ല. മാലതി തൻെറ കുട്ടിക്കളിക്കുള്ള പാവയുമല്ല. നല്ലവണ്ണം ഓമ്മ വെച്ചിട്ടുമതി.

മാധവൻ : എൻെറ കാര്യങ്ങളെല്ലാം ഞാൻ തീർച്ചയാക്കികൊള്ളാം. താങ്കളുടെ സഹായം അതിന്നാവശ്യമില്ല.

കുമാരൻ : താങ്കളുടെ കാര്യങ്ങളെല്ലാം താങ്കൾതന്നെ തീച്ചയാക്കിക്കൊള്ളൂ. പക്ഷെ തീച്ചയാക്കണം. ശകുനം നന്നായിയെന്നു കരുതി പുലരുവോളം കക്കുവാൻ ശ്രമിക്കേണ്ടാ. എനിക്ക് ഇനി ഒന്നും പറവാനില്ല. തൻെറ കച്ചേരി മുടക്കേണ്ടാ. ഞാനിതാ പോണു.

മാധവന്ന് കച്ചേരി തുടരുവാനുള്ള ഇഷ്ടമുണ്ടായില്ല. കുമാരൻ പോയ ഉടനെ മാധവനും പുറപ്പെട്ടു. മാധവൻ ഗോവിന്ദക്കുറുപ്പിൻെറ വീട്ടിലെത്തിയപ്പോഴക്കും കുമാരനും അവിടെ എത്തി. മാധവൻെറ വരവിനെ നിമിഷംപ്രതി പ്രതീക്ഷിച്ചുകൊണ്ടിരുന്ന മാലതിയെ കണ്ടപ്പോൾ മാധവൻ സാധാരണപോലുള്ള സന്തോഷമൊന്നും കാട്ടിയില്ല. വിശേഷിച്ചും, അന്ന് ചെല്ലാമെന്നു വാഗ്ദത്തം ചെയ്ത സമയമെല്ലാം തെററിച്ചാണ് മാധവൻ ചെന്നതു്. മാലതിയോടു താൻ ഒരു നിസ്സാരമായ തെററ്ചെയ്താൽകൂടി ക്ഷമായാചനം ചെയ്യാറുള്ളപോലെ യാതൊന്നും അന്നുണ്ടായിരുന്നില്ല. ഇതെല്ലാം മാലതിയെ അത്യന്തം വ്യസനിപ്പിച്ചു. മാലതി മാധവന്ന് ചായ കൊണ്ടു കൊടുത്ത സമയം "എന്താണ് ഒരു മൌഢ്യം" എന്നു സ്വകാര്യമായി ചോദിച്ചതിന്നും തൃപ്തികരമായ ഒരു മറുപടിയും മാധവൻ പറഞ്ഞില്ല. ഇതെല്ലാം സഹിക്കാൻവയ്യാത്ത വ്യസനത്തിന്നു കാരണമായതിനാൽ മാലതി എത്രയും അക്ഷമയായി മുകളിലേക്കു കയറിപ്പോയി തൻെറ കട്ടിലിന്മേൽ വീണുകരയുകയായിരുന്നു.

കുറുപ്പ് : എന്താണ് ഇന്ന് മാധവന്നു ഒരു വല്ലായ്മ ? നിങ്ങളൊക്കെ പഠിപ്പും, കാര്യോം വീര്യോം ഒക്കെ ഉള്ളോരാണെങ്കിലും അവനവൻെറ ദേഹം രക്ഷിക്കാൻ പ്രാപ്തിയുള്ളവരല്ല. എനിക്കറിയാം മാധവന്ന് ദഹനക്കേടാണ് സുഖക്കേടെന്ന്. ഇല്ലെങ്കിൽ ഇപ്പോൾ പരീക്ഷിച്ചോളൂ. ഞാൻ നിത്യം കഴിക്കുന്ന പൊടി അല്പം കഴിച്ചുനോക്കു. അര മണിക്കൂറുകൊണ്ട് എല്ലാം സുഖമാവും. വെറും കടുക്കു ഗോമൂത്രത്തിൽ പുഴുങ്ങി ഉണക്കിപ്പൊടിച്ചതാണ്. കുമാരന്ന് ഇന്നലെ തലവേദനയായിരുന്നു. ആ പൊടി കുറച്ചു കഴിച്ചു. ഇന്നേക്ക് വല്ല സുഖക്കേടുമുണ്ടോ ? മാധവനും കുറച്ചു കഴിച്ചുനോക്കു. ദശമാതാ ഹരീതകി, എന്ന് കണ്ടുണ്ണിവൈദ്യര് പറയാറുള്ളതു് എനിക്ക് നല്ല അനുഭവമാണ്.

കുമാരൻ : മാധവനെപ്പോലെയുള്ള അദ്ധ്യാത്മിക ജീവികൾ ദേഹത്തിനെ തീരെ രക്ഷിക്കയില്ല. നൊമ്മളെപ്പോലുള്ള മണ്ടന്മാരല്ലാതെ മരുന്നു കഴിച്ച് ദേഹം ശുശ്രൂഷിക്കുമെന്ന് വിചാരിക്കുന്നുണ്ടോ ?

ഈ രണ്ടു് ബോറന്മാരുടെ ഇടയിൽപെട്ട് മാധവൻ കുഴങ്ങി. അല്പനേരം അവരുടെ ചികത്സാവിധിയെല്ലാം കേട്ട് സഹിച്ചിരുന്നതിന്നുശേഷം ഗോവിന്ദക്കുറുപ്പിനോടു മാധവൻ പറഞ്ഞു : "എനിക്ക് സ്വകാര്യമായി നിങ്ങളോട് ചിലതെല്ലാം പറവാനുണ്ടു്. അതിന്ന് സൌകര്യം നോക്കിയിരിക്കയാണ്."

കുമാരൻ: നല്ല കഥ; എന്നാൽ അതു് പറയണ്ടേ. ഞാൻ വേറെ ജോലിയൊന്നും ഇല്ലാത്തവനാണു്. സൊള്ളുകയാണെങ്കിൽ പുലരുന്നവരെയാവാം എന്നെ ഉള്ളു; എന്നും പറഞ്ഞു് ഇറങ്ങിപ്പോയി.

മാധവൻ: നിങ്ങളുടെ കുഡുംബത്തിൽ ഒരാളെപ്പോലെ എന്നെ കരുതിയിരുന്ന നിങ്ങളോടു് ഞാൻ എത്രകണ്ടു് കടപ്പെട്ടിട്ടുണ്ടെന്നു് പറവാൻ വയ്യ.

കുറുപ്പ്: ആവൂ; അതിലെന്താണു് ഇത്ര അത്ഭുതം. മാധവൻ എന്റെ മകൻ രാമകൃഷ്ണന്റെ സ്നേഹിതനല്ലെ? എന്റെ മകനെപ്പോലെയല്ലെ എനിക്കു കരുതുവാൻപാടുള്ളു.

മാധവൻ ഒരു പ്രസംഗത്തിന്നൊരുങ്ങിയാണു് പുറപ്പെട്ടതെങ്കിലും, ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോഴേക്കു വേറെയൊന്നും പറവാൻ വരുന്നില്ല. കുറുപ്പിന്നു് കാര്യം മനസ്സിലായി. ശ്രുതി പിഴച്ച ഭാഗവതർക്കു ശ്രുതി പിടിച്ചു് കാട്ടുന്നപോലെ കുറുപ്പ് പിന്നേയും തുടർന്നു.

"നേരെമറിച്ചു് മാധവനെപ്പോലെ ഒരു യുവാവു് ഞങ്ങൾക്കു കൂടെയുണ്ടാവാനിടവന്നതു് ഞങ്ങടെ ഭാഗ്യമാണെന്നാണു് ഞാൻ പറയുന്നതു്."

എന്നിട്ടും മാധവന്നു് വാക്കു് കിട്ടാതെ വിഷമിക്കയായിരുന്നു. കുറുപ്പ് ഇതു് മനസ്സിലാക്കി സംസാരം നിർത്തിയില്ല. "ഒന്നു് മാത്രമെയുള്ളു. ജനങ്ങൾ മാധവനെയും മാലതിയെയും കൂടിപ്പറയുവാനാരംഭിച്ചിരിക്കുന്നു: ഒരു പെണ്ണു് ഒന്നിനു്മാത്രം പോന്നാൽ കണ്ടവരെയെല്ലാം ചങ്ങാതിമാരാക്കരുതു് എന്നാണു് ജനങ്ങൾ വിമർശിക്കുന്നതു്. മാധവന്റെ പേരിൽ എനിക്കു് പൂർണ്ണവിശ്വാസമുണ്ടെന്നും എന്റെ മകളെ മാധവൻ കുഴക്കില്ലെന്നു് എനിക്കറിയാമെന്നും ഞാൻ മറുവടിയും പറയും.

മാധവൻ: കുറുപ്പെ, നിങ്ങൾക്കു എന്നെ നല്ലവണ്ണം അറിയാം. നിങ്ങളുടെ മകൾക്കു ഞാൻ തക്കതായ ഒരു ഭർത്താവാണെന്നു് നിങ്ങൾക്കു ബോദ്ധ്യമുണ്ടെങ്കിൽ—"

കുറുപ്പ്: മതി; അത്ര പറഞ്ഞാൽ മതി. എനിക്കു മാധവനെപ്പററി സംശയം മുമ്പു് തന്നെയില്ല. മാധവന്റെ അച്ഛൻ മരിച്ചിട്ടുള്ള ദുഃഖമാണെന്നു വെച്ചാണു് ഞാൻ ഒന്നും മിണ്ടാതെയിരുന്നതു്. ഇനി ഏതായാലും ഇതു് നീട്ടിവെക്കേണ്ടാവശ്യമില്ല. ആളുകൾ അത്രത്തോളം പറയുവാൻ തുടങ്ങിയിരിക്കുന്നു."

മാധവൻ: നിങ്ങൾ പറയുംപോലെ; പക്ഷെ മാലതിയുടെ അഭിപ്രായം അറിയണം.

കുറുപ്പ്: അതു് വാസ്തവമാണു്. പക്ഷെ അവളുടെ അഭിപ്രായത്തെപ്പററി സംശയിപ്പാനില്ല. ഏതായാലും അതു് നമുക്കു നാളെ തീർച്ചയാക്കാം. ഇത്രത്തോളം ആയസ്ഥിതിക്കു വിവാഹം ഓണത്തിന്നു് കഴിഞ്ഞോട്ടെ.

മാധവൻ: ഓണം വളരെ അടുത്തില്ലെ?

കുറുപ്പ്: അതുകൊണ്ടെന്താണു്? ഇന്നു് അത്തം. പത്തു ദിവസത്തെ ഇടയുണ്ടു്. എനിക്കു ബദ്ധപ്പെടേണമെന്നുള്ള മോഹം തീരെയില്ല. പക്ഷെ, ഞാൻ എന്നാണു് കിടപ്പിലാകുന്നതെന്നു് തീർച്ചയാക്കിക്കൂടാ.

മാധവൻ സമ്മതിച്ചു. കുറുപ്പിന്റെ പൊടി അല്പം വാങ്ങി കഴിച്ചു് മാധവൻ തന്റെ വീട്ടിലേക്കു മടങ്ങി.

രാധയുടെ സ്കൂൾ പൂട്ടാറായി. പൂട്ടിയാൽ വിദ്യാർത്ഥിനികളെല്ലാം സാധാരണ അവരവരുടെ ഗൃഹങ്ങളിലേക്കു പോകയാണു് പതിവു്. എന്നാൽ-രാധയെ സ്കൂൾ പൂട്ടിയകാലത്തും അവിടെത്തന്നെ താമസിപ്പിക്കുവാനായി മാധവൻ ഹെഡ് മിസ്ട്രസ്സുമായി ഏർപ്പാടു ചെയ്തിരുന്നു.

ഗോവിന്ദക്കുറുപ്പും മാധവനുംകൂടി വിവാഹകാര്യം സംസാരിച്ചുറച്ചതിന്റെ പിറേറന്നു് മാധവൻ രാവിലെ കുറെനേരം കടപ്പുറത്തു പോയി കാററുകൊണ്ടു. തന്റെ സർവ്വ കാര്യങ്ങളെ പററിയും ഒന്നു് ഗാഢമായാലോചിച്ചുറക്കുകയും ചെയ്തു. മാലതിയെ വിവാഹം ചെയ്യുന്നതിന്നു് മുമ്പു രാധയും താനുമായിട്ടുള്ള ബന്ധത്തെപററി മാലതിയോടു തുറന്നു് സംസാരിക്കുവാൻ തീർച്ചയാക്കി. അതിന്നു ശേഷം മാലതിയെ വിവാഹം ചെയ്തു കോഴിക്കോടു വിട്ടു കോയമ്പത്തൂർ പോയി പ്രാക്ടീസു ചെയ്വാനും, അവിടെ രാധയെയും മാലതിയുടെ ഒരു സഹോദരിയുടെ നിലക്കു താമസിപ്പിക്കുവാനും നിശ്ചയിച്ചു. മാലതി ഇക്കാര്യത്തിൽ വിമുഖത കാണിക്കയില്ലെന്നു് മാധവന്നു് വിശ്വാസമുണ്ടായിരുന്നു. കോഴിക്കോട്ടുതന്നെ ഈ നിലക്കു താമസിച്ചു് പ്രാക്ടീസു നടത്തുകയാണെങ്കിൽ, സുപരിചിതമായ ഒരു സ്ഥലമായിതിനാൽ ആളുകൾ തന്നെ പരിഹസിക്കുമെന്നായിരുന്നു മാധവന്റെ ശങ്ക.

മോർനിങ്ങ് വാക്ക് കഴിഞ്ഞു മടങ്ങിവരുമ്പോൾ മാധവൻ കുറുപ്പിന്റെ വീട്ടിലൊന്നു് കയറി. അകത്തേക്കു കടന്നതും മാലതിയുമായി കണ്ടെത്തി. സാധാരണ കാലങ്ങളിൽ ഇങ്ങിനെയുള്ള കൂടിക്കാഴ്ചയിൽ മാലതി ശൃംഗാരം പൊഴിക്കാതിരിക്കയില്ല. ഇന്നാകട്ടെ, ഒന്നു് മന്ദഹാസം ചെയ്തു ലജ്ജയോടുകൂടി തല താഴ്ത്തി അകത്തേക്കു പോകയാണു് മാലതി ചെയ്തതു്. മാലതിയുടെ ഈ പുതിയ വ്രീളാവികാരം മാധവന്നു് തെററിദ്ധാരണക്കു ഇടയാക്കിയില്ല. ലോകപരിചയം നന്നെ ഇല്ലെങ്കിലും മാധവൻ ഒരു സാഹിത്യരസികനാണു്. മാലതിക്കു താൻ മാധവന്റെ ഒരു സുഹൃത്തെന്നുള്ള നില മാധവനുമായുള്ള വിവാഹകാര്യം ഉറച്ചതോടുകൂടി വിട്ടിരിക്കുന്നു. മാധവനെ ആ തരുണിയുടെ ഹൃദയത്തിൽ ഭർത്തൃപദം കൊടുത്തിരുത്തിയിരിക്കുന്നു. ഭാര്യാഭർത്തൃബന്ധത്തിൽ ലജ്ജ പ്രകൃത്യാലുള്ള ഒരു വികാരമാണെന്നു് മാധവന്നറിയാം.

"പഥിപഥിക വധൂഭി: സാദരംപ്രേക്ഷ്യമാണാ
കുവലയദളനില: കോയമാര്യേതവേതി"

വഴിപോക്കരുടെ സ്ത്രീകൾ സീതയോടു തന്റെ മുന്നിൽ നടക്കുന്ന നീലക്കാർവർണ്ണനാരാണെന്നു് ചോദിച്ചുവത്രെ. ചോദ്യം ചോദിച്ചപ്പോഴേക്കും അവൾക്കു ലജ്ജ സഹിക്കാൻ വയ്യാതെയായി.

"സ്മിതവികസിതഗണ്ഡം പ്രേമ ഗർഭീരാമാ
അവമതനവനമ്രം സ്പഷ്ട മാചഷ്ടകാന്തം."

രാമനോടുള്ള പ്രേമഗർഭംകൊണ്ടു പ്രശോഭിച്ചതായ സീതയുടെ മന്ദഹാസവികസിതമായ മുഖകമലത്തെ അവൾ താഴ്ത്തി, നീലക്കാർവർണ്ണനായ അദ്ദേഹം തന്റെ കാന്തനാണെന്നു് വാക്കുകൊണ്ടു പറയാതെ തന്നെ ഭാവംകൊണ്ടു സ്പഷ്ടമാക്കിയത്രെ. ഈ സംഗതിയെല്ലാം മാധവന്നറിയാം. അതിനാൽ മാലതിയോടു അല്പമെങ്കിലും അലോഗ്യം അദ്ദേഹത്തിന്നു് തോന്നിയില്ല.

മാധവൻ തന്റെ വീട്ടിലേക്കു പോയി. ഉച്ചതിരിഞ്ഞു ചായക്കു കുറുപ്പിന്റെ വസതിയിലേക്കു തന്നെവന്നു. സാധാരണ മാധവന്നു് ചായ കൊടുക്കാറുള്ളതു് മാലതിയാണു്. ഇന്നു് മാലതിയെ അവിടെ എങ്ങും കാണാനില്ല. മുകളിൽ തന്റെ ശയനമുറിയിലിരുന്നു് എന്തൊ തുന്നിക്കൊണ്ടിരിക്കയാണു. പ്രവൃത്തിയിൽ കൈനടക്കുന്നുണ്ടെങ്കിലും മനസ്സു മുഴുവൻ എന്തോ സന്തോഷഭാരം നിറഞ്ഞ ഒരു വിഷയത്തിൽ ലയിച്ചിരിക്കുന്നു. തന്റെ വിവാഹാനന്തരമുള്ള ജീവിതത്തെ മനഃകണ്ണുകൊണ്ടു കണ്ടറിയുകയാണു്. ഇതിനെ കണ്ടറിയുംതോറും അവൾ ആനന്ദ സാഗരത്തിൽ മുഴുകുന്നു. അവളുടെ ദേഹത്തിന്നൊട്ടാകെ ഒരു പ്രത്യേക കാന്തിയുണ്ടാകുന്നു.

മാലതി പുറത്തേക്കു വന്നേക്കുമോ എന്നു് സർവ്വദാ മാധവൻ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ ഒരു കാൽശബ്ദം കേൾക്കുന്നു. പക്ഷെ, അകത്തേക്കു വന്നതു് കുമാരനാണു്. കുമാരൻ മാധവനെ ഒരാത്മ മിത്രത്തിന്റെ നിലക്കു അഭിവാദ്യം ചെയ്തു.

കുമാരൻ: ഞാൻ ഇപ്പോൾ മാധവന്റെ വീട്ടിൽ പോയിരുന്നു.

ഇതു കേട്ടപ്പോൾ മാധവന്റെ മുഖത്തു പരിഭ്രമം പ്രകാശിച്ചു.

കുമാരൻ: വിശേഷിച്ചൊന്നുമുണ്ടായിട്ടല്ല. മാധവനെ ഒരു സ്നേഹിതന്റെ നിലക്കു അനുമോദിച്ചുകളയാമെന്നു് വെച്ചുമാത്രം.

മാധവൻ: അനുമോദനവും അനുശോചനവും മററും അധികമായി എനിക്കു ആരുടെ പക്കൽ നിന്നും വേണ്ട.

കുമാരൻ: കുറുപ്പ് ഒരു കഥ കേട്ടുവോ? ഇന്നലെ ഒരു സംഭവം ഉണ്ടായി. എന്റെ അനുജത്തി കമലം പഠിക്കുന്ന സ്കൂൾ പൂട്ടുന്ന ദിവസമായിരുന്നു. അവളെ പോയി കൂട്ടിക്കൊണ്ടുവരേണമെന്നു് അച്ഛൻ പറഞ്ഞതിനാൽ വണ്ടിയും കൊണ്ടു ഞാനാണു് പോയതു്. സ്കൂളിൽ നാലു മണിക്കു ബെല്ലടിച്ചു കഴിഞ്ഞ ഉടനെ സകല കുട്ടികളും വീട്ടിലേക്കു യാത്രയായി. ഒരു കുട്ടിമാത്രം അവിടെ ബാക്കിയുണ്ടായിരുന്നു. എല്ലാവരും പോകുന്നതു കണ്ടപ്പോൾ ഈ പെണ്ണു് കരച്ചിൽ തുടങ്ങി. എന്താണു് സംഗതിയെന്നു് ചോദിച്ചറിഞ്ഞപ്പോൾ എനിക്കും വളരെ കഷ്ടം തോന്നി. ഏതൊ ഒരു മാധവന്റെ ഭാര്യയാണത്രെ ഈ പെണ്ണു്. സ്കൂൾ പൂട്ടിയകാലത്തും അവളെ അവിടെത്തന്നെ താമസിപ്പിക്കേണമെന്നു് ഭർത്താവിന്റെ കല്പനയുണ്ടത്രെ.

ഗോവിന്ദക്കുറുപ്പ് ചിരിച്ചുകൊണ്ടു: എത്ര മാധവന്മാരുണ്ടാവും കുമാരാ? അതു് നൊമ്മടെ മാധവന്നു് ബാധകമാണോ?

കുമാരൻ: നൊമ്മടെ മാധവനെപ്പററി പറകയല്ലാ ഞാൻ ചെയ്തതു്. ഒരു സംഭവം ഉണ്ടായതിനെപ്പററി പറഞ്ഞുവെന്നെ ഉള്ളൂ.

ഇത്രയും പറഞ്ഞപ്പോഴേക്കു മാധവൻ ഇരുന്നേടത്തു നിന്നെഴുന്നേററു; മുഖം വിളർത്തു. ഒന്നും പറയാതെ വീട്ടിൽനിന്നു് പുറത്തേക്കിറങ്ങി.

(തുടരും)

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.